**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്റ്റ് കമ്മിറ്റി XI

## (SUBJECT COMMITTEE XI)

**ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും**

**(FOOD, CIVIL SUPPLIES AND CO-OPERATION)**

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Procedure and Conduct of Business
in the Kerala Legislative Assembly]

2013 .............-ാം തീയതി സമർപ്പിച്ചത്

(Presented on ...........2013)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XI

## (SUBJECT COMMITTEE XI)

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും

(FOOD, CIVIL SUPPLIES AND CO-OPERATION)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Procedure and Conduct of
Business in the Kerala Legislative Assembly]

736/2013

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | |

സബ്ജക്റ്റ് കമ്മിറ്റി XI

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും

(2011–2013)

**ഘടന**

ചെയർമാൻ :

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. സി. എൻ. ബാലകൃഷ്ണൻ, സഹകരണവും
ഖാദി ഗ്രാമവ്യവസായവും, മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി.

ശ്രീ. അടൂർ പ്രകാശ്, റവന്യൂവും കയറും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഗീതാ ഗോപി

ഡോ. എൻ. ജയരാജ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

" ലൂഡി ലൂയിസ്

" കെ. കെ. നാരായണൻ

" ആർ. സെൽവരാജ്

" ജി. സുധാകരൻ

" വി. എം. ഉമ്മർ മാസ്റ്റർ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

" എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ 1-4-2012 മുതൽ 31-3-2013 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

2011 ജൂൺ 28-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 15 (ഭാഗം 2) പ്രകാരം നിലവിൽ വന്ന ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI (2011-2013)-ൽ ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ചെയർമാനും സഹകരണം, റവന്യൂ എന്നീ വകുപ്പുകളുടെ മന്ത്രിമാർ എക്സ് ഒഫീഷ്യോ അംഗങ്ങളും മറ്റ് എട്ട് എം.എൽ.എ.മാർ അംഗങ്ങളായുമുണ്ട്. കമ്മിറ്റി 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി ആകെ 6 യോഗങ്ങൾ ചേരുകയുണ്ടായി. 26-4-2012-ൽ ചേർന്ന യോഗത്തിൽ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയും 8-5-2012-ലെ യോഗത്തിൽ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ടിന്റെ പരിഗണനയും നടന്നു. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിന്മേലുള്ള നടപടിക്കുറിപ്പുകളുടെ പരിഗണന, കരട് ചട്ടം വിജ്ഞാപനം ചെയ്തതിന്റെ സാധൂകരണം, ബില്ലിന്റെ പരിഗണന എന്നിവയ്ക്കായി സമിതി 14-6-2012-ൽ യോഗം ചേർന്നു. 23-7-2012-ലെ യോഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ റിപ്പോർട്ടിന്മേലുള്ള നടപടി സംബന്ധിച്ച കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ പരിഗണന നടന്നു. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിന്മേലുള്ള നടപടിക്കുറിപ്പുകൾ, സമിതിയുടെ പരിധിയിൽ വരുന്ന വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കുറിപ്പ് എന്നിവ 10-10-2012-ലെ യോഗത്തിൽ പരിഗണിച്ചു. കരട് ചട്ടങ്ങളുടെ പരിഗണനയ്ക്കായി 22-10-2012-ൽ യോഗം ചേർന്നു. ബില്ലുകളുടെ പരിഗണനയ്ക്കായി 11-2-2013-ലും 26-3-2013-ലും സമിതി യോഗങ്ങൾ ചേർന്നു. യോഗങ്ങളിലെ ശരാശരി ഹാജർ നില 60% ആയിരുന്നു.

സമിതി അംഗമായിരുന്ന ശ്രീ. ആർ. സെൽവരാജ് എം.എൽ.എ. സ്ഥാനം രാജി വെച്ചതിനാൽ സമിതിയിൽ ഉണ്ടായ ഒഴിവിലേക്ക് വീണ്ടും എം.എൽ.എ. ആയതിനെ തുടർന്ന് ശ്രീ. ആർ. സെൽവരാജിനെ 2012 ജൂൺ 27-ലെ 226-ാം നമ്പർ ബുള്ളറ്റിൽ ഭാഗം 2 പ്രകാരം അംഗമായി നാമനിർദ്ദേശം ചെയ്യുകയുണ്ടായി.

ഈ റിപ്പോർട്ട് രണ്ട് അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം അദ്ധ്യായത്തിന്റെ ആദ്യ ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ട്, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നു ലഭിച്ച മറുപടികളും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ

സംബന്ധിച്ച വിവരങ്ങൾ ചേർത്തിരിക്കുന്നു. രണ്ടാം ഭാഗത്ത് സമിതി പരിഗണിച്ച പീരിയോഡിക്കൽ റിപ്പോർട്ട്, ബില്ലുകൾ, കരട് ചട്ടങ്ങൾ, സാധൂകരണത്തിനായുള്ള എസ്.ആർ.ഒ. തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ചേർത്തിരിക്കുന്നു.

റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിൽ നേരിട്ട കാലതാമസം വിശദമാക്കുന്ന ഡിലേസ്റ്റേറ്റ്മെന്റ്, സമിതിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട വകുപ്പുകളുടെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ സഭയിൽ സമർപ്പിച്ചതു സംബന്ധിച്ച വിവരങ്ങളാണ് ചേർത്തിരിക്കുന്നത്.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 2013 മേയ് 8-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

അനൂപ് ജേക്കബ്,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2013 മേയ് 8

# റിപ്പോർട്ട്

അദ്ധ്യായം 1

**ഭാഗം 1**

(എ) സബ്ജക്റ്റ് കമ്മിറ്റി XI (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും) 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുകയും അതു സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് 2012 ജൂൺ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XXVII —സഹകരണം

(ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം എന്നതിന്റെ 12,00,00,000 രൂപ ഉൾപ്പെടെ)

ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XXX —ഭക്ഷ്യം

ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി സമിതി 26-4-2012-ൽ യോഗം ചേർന്നു. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി 8-5-2012-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 14-6-2012, 10-10-2012 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## സബ്ജക്റ്റ് കമ്മിറ്റി II-ന്റെ മൂന്നാമത് റിപ്പോർട്ട് (2008-2009)

## ലീഗൽ മെട്രോളജി

ശുപാർശ നമ്പർ 12

5475-00-800-95—കെട്ടിടങ്ങൾ

കൊല്ലത്ത് ലീഗൽ മെട്രോളജി വകുപ്പിന്റെ ജില്ലാ ഓഫീസ് ആസ്ഥാനമാക്കി പാചകവാതക, ഇന്ധന പെട്രോളിയം ഉൽപ്പന്നങ്ങൾ കൊണ്ടുപോകുന്ന ടാങ്കർ ലോറികളുടെ ടാങ്ക് കാലിബ്രേഷൻ നടത്തി കൃത്യത ഉറപ്പുവരുത്തുവാനുള്ള ഒരു കാലിബ്രേഷൻ യൂണിറ്റും, അനുബന്ധ ഓഫീസുകളും, ഉപഭോക്തൃ തർക്ക പരിഹാര കോടതിയും ഉൾപ്പെട്ട ഒരു ഓഫീസ് സമുച്ചയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി

ശുപാർശ ചെയ്യുന്നു. വകുപ്പിന്റെ എറണാകുളത്തുള്ള സ്വർണ്ണ പരിശോധനാ ലാബിൽ സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധനയ്ക്കായി ബി.ഐ.എസ്. ഹാൾ മാർക്കിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കൊല്ലത്ത് ലീഗൽ മെട്രോളജി വകുപ്പിനായി അനുവദിച്ച ഭൂമിയുടെ കൈവശാവകാശം പൂർണ്ണമായും വകുപ്പിന് മാറ്റി ലഭിക്കാത്തതിനാൽ സമിതിയുടെ ശുപാർശ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതിനോടനുബന്ധിച്ചുള്ള അപ്രോച്ച് റോഡ്, അണ്ടർ ഗ്രൗണ്ട് വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണം കൂടി പൂർത്തിയാക്കി ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങാനുള്ള നടപടികൾ ദ്രുതഗതിയിൽതന്നെ പുരോഗമിക്കുന്നുണ്ട്.

വകുപ്പിന്റെ സ്വർണ്ണശുദ്ധതാ പരിശോധനാ ലബോറട്ടറിക്ക് ബി.ഐ.എസ്. അംഗീകാരം നേടിയെടുക്കുന്നതിനായി പ്രാഥമികമായി ആവശ്യമുള്ള ഉപകരണങ്ങൾ, 2009-10 സാമ്പത്തിക വർഷം "3475-00-106-98— പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ" എന്ന ശീർഷകത്തിൽ നിന്നും 18,93,147 രൂപ (രൂപ പതിനെട്ട് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി നൂറ്റിനാൽപത്തിയേഴ് മാത്രം) ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്.

<u>ശുപാർശ നമ്പർ 13</u>

അളവു തൂക്ക ഉപകരണങ്ങളുടെ കൃത്യതയും ഗുണവും വർദ്ധിപ്പിക്കുന്നതിനും, ലബോറട്ടറികളുടെ നവീകരണത്തിനുംവേണ്ടി കോമ്പൗണ്ടിംഗ് ഫീയുടെ നിശ്ചിത ശതമാനം ഉപയോഗിക്കണമെന്നും ഗോഡൗണുകളിൽ അളവു തൂക്കത്തിനു പുറമേ ഗുണനിലവാരം കൂടി പരിശോധിക്കാനുള്ള അധികാരം ലീഗൽ മെട്രോളജി വകുപ്പിന് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോമ്പൗണ്ടിംഗ് ഫീസിന്റെ 50% വകുപ്പിന്റെ നവീകരണത്തിനായി ഉപയോഗപ്പെടുത്തണമെന്ന ആവശ്യം ധനകാര്യ വകുപ്പ് നിരാകരിച്ചതിനാൽ സമിതിയുടെ ശുപാർശ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

കേന്ദ്ര സർക്കാർ നിർമ്മിച്ച അളവു തൂക്ക നിയമങ്ങൾ ആണ് കേരളത്തിൽ നടപ്പിലാക്കി വരുന്നത്. അളവ്, തൂക്കം, എണ്ണം എന്നീ കാര്യങ്ങൾ മാത്രമേ ടി നിയമത്തിന്റെ പരിധിയിൽ വരുന്നുള്ളു. ഗുണനിലവാരം കൂടി ചേർക്കുന്നകാര്യം കേന്ദ്ര സർക്കാരിന്റെ അധികാരത്തിൽ വരുന്ന വിഷയമാണ്. ഗോഡൗണുകൾ ഉൾപ്പെടെ ഗുണനിലവാര പരിശോധന ലീഗൽ മെട്രോളജി വകുപ്പ് കൈകാര്യം ചെയ്യുന്ന അളവുതൂക്ക നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ സമിതിയുടെ ശുപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

## സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ നാലാമത് റിപ്പോർട്ട് (2009-2010)

### ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യം

ശുപാർശ നമ്പർ 57

3456-00-001-99—സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ്

സിവിൽ സപ്ലൈസ് കമ്മീഷറുടെ കാര്യാലയത്തിലേക്ക് മൂന്ന് പുതിയ ഔദ്യോഗിക വാഹനങ്ങൾ വാങ്ങുന്നതിന് 12,00,000 രൂപയ്ക്കുള്ള ശുപാർശ 2008-09 സാമ്പത്തിക വർഷത്തിൽ സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ആയത് ലഭ്യമാക്കിയിരുന്നില്ല. ഈ സാമ്പത്തിക വർഷം വാഹനം വാങ്ങുന്നതിനായി 12,00,000 രൂപ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2008-09, 2009-10 എന്നീ സാമ്പത്തിക വർഷങ്ങളിൽ സമിതി നിർദ്ദേശിച്ചിരുന്ന പ്രകാരം സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലേക്ക് 3 ഔദ്യോഗിക വാഹനങ്ങൾ വാങ്ങുന്നതിനായി സർക്കാരിന് ശുപാർശ സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം തുക അനുവദിക്കുവാനായില്ല.

2011-ൽ ഉപധനാഭ്യർത്ഥനവഴി സർക്കാർ 15.49 ലക്ഷം രൂപ വകയിരുത്തുകയും ടി തുക കമ്മീഷണറേറ്റിൽ 3 വാഹനങ്ങൾ വാങ്ങാൻ ചെലവഴിക്കുകയും ചെയ്തു.

ശുപാർശ നമ്പർ 58

3456-00-001-97— ജില്ലാ ഓഫീസുകൾ

21— മോട്ടോർ വാഹനങ്ങൾ

1— വാഹനം വാങ്ങൽ

സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലുമായി 14 ജില്ലാ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ 14 ജില്ലകളിലേയും ജില്ലാ സപ്ലൈ ഓഫീസർമാർക്ക് 14 വാഹനം വാങ്ങുന്നതിന് 56 ലക്ഷം രൂപ അനുവദിക്കണമെന്ന ആവശ്യം 2008-09 സാമ്പത്തിക വർഷം സമർപ്പിച്ചിരുന്നുവെങ്കിലും അടുത്ത സാമ്പത്തിക വർഷം പരിഗണിക്കാമെന്ന വാഗ്ദാനമാണ് നൽകിയത്. ജില്ലാ സപ്ലൈ ആഫീസുകളുടെ വാഹനം വാങ്ങൽ ശീർഷകത്തിൽ 2009-10 സാമ്പത്തിക വർഷവും തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 3456-00-001-97-21-1—ശീർഷകത്തിൽ 56 ലക്ഷം രൂപ നൽകാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജില്ലാ സപ്ലൈ ഓഫീസർമാർക്ക് 14 വാഹനം വാങ്ങുന്നതിനായി 56 ലക്ഷം രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 2008-09 സാമ്പത്തിക വർഷം ശുപാർശ സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം തുക അനുവദിക്കുവാനായില്ല. 2009-10-ലും തുക വകയിരുത്താനായില്ല. 2011-ൽ ഉപധനാഭ്യർത്ഥനവഴി 32.48 ലക്ഷം രൂപ സർക്കാർ വകയിരുത്തി. ടി തുക ഉപയോഗിച്ച് ആറ് വാഹനങ്ങൾ വാങ്ങുകയും ചെയ്തു.

ശുപാർശ നമ്പർ 59

3456-00-001-96—പൊതു വിതരണ സമ്പ്രദായം സംബന്ധിച്ച പരിശീലന പരിപാടി

2005-06 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന ഈ പദ്ധതി പ്രകാരം സിവിൽ സപ്ലൈസ് വകുപ്പിൽ, പ്രത്യേകിച്ച് പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന വർക്കും, അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ആഫീസർക്ക് മുകളിലുള്ള ഉദ്യോഗസ്ഥർക്കും, പൊതുവിതരണവുമായി ബന്ധപ്പെട്ടതും, ധനവിനിയോഗത്തെ സംബന്ധിച്ചുള്ളതുമായ വിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകിവരുന്നു. ഈ ആവശ്യത്തിലേക്ക് ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക പരിശീലന പരിപാടികളുടെ നടത്തിപ്പിന് അപര്യാപ്തമാണ്. ആയതിനാൽ 5 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷം സമിതി നിർദ്ദേശിച്ച പ്രകാരം "3456-00-001-96 പൊതുവിതരണ സമ്പ്രദായം സംബന്ധിച്ച പരിശീലന പരിപാടി" എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി വകയിരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് വകുപ്പ് ശുപാർശ സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം തുക അനുവദിക്കുവാനായില്ല. കൂടുതൽ തുക ആവശ്യമായിവരുമ്പോൾ റീഅപ്രോപ്രിയേഷനിലൂടെ തുക വകയിരുത്തുവാൻ സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ കൂടുതൽ തുക ആവശ്യമായി വരാത്തതിനാൽ ശുപാർശയൊന്നും സർക്കാരിന് ലഭിച്ചില്ല.

ശുപാർശ നമ്പർ 69

4408-01-101-95— റേഷൻ കാർഡ് പുതുക്കൽ

പുതിയ റേഷൻ കാർഡ് നൽകുന്നതിനാണ് ഈ തുക വക കൊള്ളിച്ചിരിക്കുന്നത്. ഇ-ഗവേണൻസിന്റെ മുന്നോടിയായി പുതിയ റേഷൻ കാർഡുകൾ എല്ലാം കമ്പ്യൂട്ടറൈസ്ഡ് ഫോർമാറ്റിലാണ് തയ്യാറാക്കിയിട്ടുള്ളത്. കുടുംബശ്രീ, കെൽട്രോൺ, ഓഡിയോ വിഷൽ റിപ്രോഗ്രാഫിക് സെന്റർ, സി-ഡിറ്റ് എന്നീ ഏജൻസികൾ മുഖേനയാണ് ഇതിലേക്കായുള്ള പ്രവർത്തനങ്ങൾ നടത്തിയത്. സംസ്ഥാനത്ത് നിലവിലുള്ള 70 ലക്ഷത്തോളം റേഷൻ കാർഡുകൾ പുതുക്കി നൽകി വരുന്നു. ഈ ഇനത്തിൽ കെൽട്രോണിന് 5 കോടി രൂപ കുടിശ്ശിക നൽകാനുണ്ട്. ഈ സാഹചര്യത്തിൽ മേൽ ശീർഷകത്തിൽ 2009-10 വർഷം 5 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 50 ലക്ഷം രൂപ ടി ശീർഷകത്തിൽ വകയിരുത്തുകയുണ്ടായി. റേഷൻകാർഡ് പുതുക്കുന്നതിന് കെൽട്രോണിന് നല്കുന്നതിനായി 2,75,00,000 രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കണമെന്ന് 2009-10-ൽ സിവിൽ സപ്ലൈസ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നെങ്കിലും, സാമ്പത്തിക പ്രയാസം കാരണം അത് പരിഗണിക്കാൻ കഴിഞ്ഞില്ല. റേഷൻ കാർഡ്

പുതുക്കലുമായി ബന്ധപ്പെട്ട് കെൽട്രോണിന് ആകെ നല്കാനുണ്ടായിരുന്ന 6,71,82,533 രൂപയിൽ 4,09,02,000 രൂപ നേരത്തേ തന്നെ നല്കിയിരുന്നു. അവശേഷിച്ച 2,62,80,533 രൂപയിൽ, കെൽട്രോൺ തെറ്റായി കാർഡ് അച്ചടിച്ചതുമൂലമുണ്ടായ നഷ്ടം, കെൽട്രോണിൽ നിന്നും ഈടാക്കാൻ തീരുമാനിക്കുകയും ആയിനത്തിൽ കെൽട്രോണിന് ആകെ നല്കാനുണ്ടായിരുന്ന തുകയുടെ (6,71,82,533 രൂപ) 10%, അതായത് 67,18,253 രൂപ പിടിച്ച് വയ്ക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. കെൽട്രോണിന് നല്കാനുള്ള അവശേഷിച്ച തുക അതായത് 1,95,62,000 രൂപ അഡീഷണൽ ആതറൈസേഷൻ വഴി 5-10-2010-ലെ G.O.(Rt.)No.7335/10/Fin. നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

## ലീഗൽ മെട്രോളജി

ശുപാർശ നമ്പർ 61

3475-00-106-98—അളവുകളും തൂക്കങ്ങളും പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ

അളവുകളും തൂക്കങ്ങളും വകുപ്പിന്റെ മുഖ്യ പ്രവർത്തനങ്ങളിലൊന്നായ അളവ് തൂക്ക ഉപകരണങ്ങളുടെ പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വർണ്ണത്തിന്റെ ശുദ്ധത പരിശോധനാ ലബോറട്ടറിക്ക് BIS Hallmark അംഗീകാരം നേടിയെടുക്കുന്നതിനും, കേടായതും ലേലം ചെയ്തതുമായ വാഹനങ്ങൾക്കു പകരം വാഹനങ്ങൾ വാങ്ങുന്നതിനും മൊബൈൽ ടെസ്റ്റിംഗ് ലാബ് വാങ്ങുന്നതിനും, വകുപ്പിന്റെ കീഴിലെ എല്ലാ ആഫീസുകളും കമ്പ്യൂട്ടർ ശൃംഖലയിലൂടെ ഏകോപിപ്പിക്കുന്നതിന് നെറ്റ് വർക്കിംഗ് നടത്തുന്നതിനും വേണ്ടിയാണ് ഈ ശീർഷകത്തിൽ 53 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നത്. എന്നാൽ ഈ തുക മേൽപ്പറഞ്ഞ ആവശ്യങ്ങൾക്ക് അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേടായതും ലേലം ചെയ്തതുമായ വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും, മൊബൈൽ ടെസ്റ്റിംഗ് ലാബ് വാങ്ങുന്നതിനുമായി 3475-00-106-98 (പ്ലാൻ) എന്ന ഹെഡ്ഡിൽ 2009-10 സാമ്പത്തിക വർഷം സബ്ജക്റ്റ് കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരം തുക അനുവദിച്ചില്ല. എന്നാൽ 2010-11 സാമ്പത്തിക വർഷത്തെ പദ്ധതി ശീർഷകത്തിൽ നിന്നും അനുവദിച്ച ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് 7 പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. 2009-10 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ സ്വർണ്ണ ശുദ്ധത പരിശോധന ലബോറട്ടറിക്ക് BIS Hallmark അംഗീകാരം നേടിയെടുക്കുന്നതിന് പ്രാഥമികമായി ആവശ്യമുള്ള ഉപകരണങ്ങൾ "3475-00-106-98—പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ" എന്ന ശീർഷകത്തിൽ നിന്നും 18,93,147 രൂപ (പതിനെട്ട് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി നൂറ്റിനാൽപ്പത്തിയേഴ് രൂപ മാത്രം) ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. വകുപ്പിന്റെ കീഴിലെ എല്ലാ ഓഫീസുകളും കമ്പ്യൂട്ടർ ശൃംഖലയിലൂടെ ഏകോപിപ്പിക്കുന്നതിന് 12,70,889 രൂപ (പന്ത്രണ്ട് ലക്ഷത്തി എഴുപതിനായിരത്തി എണ്ണൂറ്റി എൺപത്തിയൊൻപത് രൂപ മാത്രം) ചെലവഴിച്ച് വെബ്സൈറ്റ് ആരംഭിച്ച് നെറ്റ് വർക്കിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്.

## ശുപാർശ നമ്പർ 62

5475-01-800-95— കെട്ടിടങ്ങൾ

കൊല്ലത്ത് വകുപ്പിന്റെ ജില്ലാ ആഫീസും, ജില്ലാ ഫ്ളയിംഗ് സ്ക്വാഡ് ആഫീസും ജില്ലാ കേന്ദ്രം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന മറ്റു ആഫീസുകളും, ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റും ചേർന്ന ഒരു ആഫീസ് സമുച്ചയം നിർമ്മിക്കുന്നതിനായി 2.55 ആർ ഭൂമി സർക്കാർ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്.

ടി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി (വകുപ്പിന്റെ മാത്രം ആഫീസുകൾക്കായി) ആകെ പ്രതീക്ഷിക്കുന്ന ചെലവ് 75 ലക്ഷം രൂപയാണ്. എന്നാൽ ഈ ആവശ്യത്തിനായി ബഡ്ജറ്റിൽ 10 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. കൊല്ലം, തിരുവനന്തപുരം ജില്ലകളിലൂടെ തമിഴ്നാട്ടിൽ നിന്നും വരുന്ന ടാങ്കർ ലോറികൾ കാലിബ്രേറ്റ് ചെയ്യുന്നതിന് ദക്ഷിണ കേരളത്തിൽ തന്നെ ഒരു കാലിബ്രേഷൻ യൂണിറ്റ് അടിയന്തരമായി സ്ഥാപിക്കേണ്ടത് ആവശ്യമാകയാൽ ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തരമായി ഏറ്റെടുക്കേണ്ടതും, പൂർത്തീകരിക്കേണ്ടതുമുണ്ട്. ആയതിനാൽ ശേഷിക്കുന്ന 65 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

കൊല്ലത്ത് വകുപ്പിന്റെ ആഫീസ് കെട്ടിടം പണിയുന്നതിനുള്ള ഭൂമിയുടെ കൈവശാവകാശം പൂർണ്ണമായും ലഭിച്ചിട്ടില്ലാത്തതിനാൽ നിർമ്മാണവുമായി മുന്നോട്ട് പോകാൻ സാധിച്ചില്ല. ആയതിനാൽ ബഹുമാനപ്പെട്ട സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. നേരത്തെ അനുവദിച്ച 2.55 ആർ ഭൂമിയിൽ ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഇതിനോടനുബന്ധമായി നിർമ്മിക്കേണ്ട അപ്രോച്ച് റോഡ്, വാട്ടർ ടാങ്ക് എന്നിവയ്ക്കുള്ള റീ എസ്റ്റിമേറ്റുമായി ബന്ധപ്പെട്ട് PWD യുമായുള്ള നടപടി ക്രമങ്ങൾ ഇപ്പോഴും തുടരുന്നതിനാൽ കാലിബ്രേഷൻ യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടില്ല.

## ശുപാർശ നമ്പർ 63

(പൊതു ശുപാർശ)

### **അളവുതൂക്ക വകുപ്പിന്റെ നവീകരണവും നൂതന അളവുതൂക്ക ഉപകരണങ്ങളുടെ സജ്ജീകരണവും**

അളവുതൂക്ക വകുപ്പ് രാജി ഫീസ് ഇനത്തിൽ ഗണ്യമായ തുക സമാഹരിക്കുന്നുണ്ട്. ഇപ്രകാരം 2008-09-ൽ സമാഹരിച്ച തുകയുടെ 50% ഒരുമിച്ച് വകുപ്പിന് ഒരു TSB Account തുറന്ന് ഇക്കൊല്ലം തന്നെ നിക്ഷേപിക്കുന്നതിന് അനുവദിക്കുകയാണെങ്കിൽ വരും സാമ്പത്തിക വർഷങ്ങളിൽ അതാത് മാസങ്ങളിൽ തന്നെ രാജി ഫീസ് ഇനത്തിലുള്ള വരുമാനത്തിന്റെ 50% വകുപ്പിൽ നിക്ഷേപിക്കുവാനും 50% സർക്കാർ ഖജനാവിൽ ഒടുക്കുവരുത്തുവാനും സാധിക്കും. ഇത്തരത്തിൽ ഒരു സംവിധാനം ഉണ്ടായിക്കഴിഞ്ഞാൽ വകുപ്പിന്റെയും ലബോറട്ടറികളുടെയും നവീകരണത്തിനും വാഹനങ്ങൾ വാങ്ങുന്നതിനും ശാസ്ത്ര സാങ്കേതിക മുന്നേറ്റങ്ങൾക്കനുസരിച്ച് ഏറ്റവും നൂതന

സാങ്കേതിക വിദ്യയുമായി നിർവ്വഹണ പ്രവർത്തനം നടത്തുന്നതിന് പുതിയ അളവു തൂക്ക ഉപകരണങ്ങൾ വാങ്ങുന്നതിനും ആവശ്യമായ തുക കണ്ടെത്താനും വകുപ്പിന്റെ പ്രവർത്തനങ്ങൾ അത്യന്തം കാര്യക്ഷമമാക്കി മാറ്റുവാനും സാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ പ്രത്യേക പരിഗണന ഉണ്ടാകണമെന്നും അളവുതൂക്ക വകുപ്പിനായി ഒരു TSB Account തുറക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വകുപ്പ് സമാഹരിക്കുന്ന വരുമാനത്തിന്റെ 50% വകുപ്പിൽ തന്നെ ചെലവഴിക്കാൻ അനുവദിക്കണമെന്ന ലീഗൽ മെട്രോളജി വകുപ്പിന്റെ ആവശ്യം നേരത്തെ ധനകാര്യ വകുപ്പ് നിരാകരിച്ചിട്ടുള്ളതിനാൽ സമിതി ശുപാർശ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല.

## സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ അഞ്ചാമത് റിപ്പോർട്ട് (2010-2011)

## ലീഗൽ മെട്രോളജി

ശുപാർശ നമ്പർ 52

3475-00-106-99—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ

മിന്നൽ പരിശോധനകളും ക്യാമ്പുകളും നടത്തുന്ന ഉദ്യോഗസ്ഥർക്ക് സ്ഥിരം യാത്രാബത്ത നൽകുന്നതിനായി 04—യാത്രാബത്ത (നോൺ പ്ലാൻ) എന്ന ഇനത്തിൽ 2,33,000 രൂപയും, പഴക്കമുള്ള വാഹനങ്ങൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ വകുപ്പിലെ 9 വാഹനങ്ങൾ മാറ്റി പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 21— മോട്ടോർ വാഹനം (1) വാഹനം വാങ്ങൽ (നോൺ പ്ലാൻ) എന്ന ഇനത്തിൽ 60 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

"3475-00-106-99-04 യാത്രാബത്ത 3 സ്ഥിരം യാത്രാബത്ത" എന്ന ശീർഷകത്തിലെ ചെലവുകൾ '01-ശമ്പളം 5 മറ്റ് ബത്തകൾ' എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് 11-6-2010-ലെ 51/2010/ഫിൻ. എന്ന സർക്കുലർ പ്രകാരം ഉത്തരവായിട്ടുള്ളതിനാൽ '04-യാത്രാബത്ത' എന്ന ശീർഷകത്തിൽ 2,33,000 രൂപ അധികമായി അനുവദിക്കേണ്ട ആവശ്യമുണ്ടായില്ല.

'21-മോട്ടോർ വാഹനം (1) വാഹനം വാങ്ങൽ' എന്ന ശീർഷകത്തിൽ 60 ലക്ഷം രൂപ സർക്കാരിന്റെ സാമ്പത്തിക പരിമിതിമൂലം അനുവദിക്കാൻ കഴിഞ്ഞില്ല.

ശുപാർശ നമ്പർ 53

15-12-2009-ലെ ജി.ഒ. (ആർറ്റി.)2078/09/എ.ഡി പ്രകാരം തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന ആൾ ഇന്ത്യ ലൈവ് സ്റ്റോക്ക് എക്സിബിഷൻ ആന്റ് ഫുഡ് ഫെസ്റ്റിവലിന്റെ ചെലവിലേക്ക് 1 കോടി 50 ലക്ഷം രൂപ കണക്കാക്കിയിരുന്നതിൽ

50 ലക്ഷം രൂപ ലീഗൽ മെട്രോളജി വകുപ്പും, ഭക്ഷ്യ പൊതുവിതരണ വകുപ്പും പ്രസ്തുത വകുപ്പിന് കീഴിലുള്ള ഏജൻസികളും ചേർന്ന് വഹിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ സാമ്പത്തിക വർഷം '08—പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ (പ്ലാൻ)' ഇനത്തിൽ അനുവദിച്ചിട്ടുള്ള 3 ലക്ഷം രൂപ വകുപ്പിന്റെ സേവനങ്ങളെ സംബന്ധിച്ച് ദൃശ്യ, ശ്രവ്യ, പത്രവാർത്താ മാദ്ധ്യമങ്ങളിൽ പരസ്യം നൽകുന്നതിന് ചെലവഴിക്കേണ്ടതിനാൽ മേൽപ്പറഞ്ഞ ഫെസ്റ്റിവലിലെ ചെലവിനായി വിഹിതം നൽകുന്നതിന് 10 ലക്ഷം രൂപ കൂടി അധികമായി പ്രസ്തുത ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

'3475-00-106-99 (08) പരസ്യവും പ്രചരണവും (പ്ലാൻ)' എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തുന്നതിന് സർക്കാരിന് ശുപാർശ ലഭിച്ചിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ പരിമിതി കാരണം സമിതി ശുപാർശ ചെയ്ത പ്രകാരം ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞില്ല.

<u>ശുപാർശ നമ്പർ 54</u>

5475-00-800-95— <u>കെട്ടിടങ്ങൾ</u>

ലീഗൽ മെട്രോളജി വകുപ്പിന്റെ കൊല്ലം, എറണാകുളം ഓഫീസുകളിൽ പാർക്കിംഗ് സൗകര്യം ഉണ്ടാക്കുന്നതിനും, തൃശ്ശൂരുള്ള ഓഫീസിന് ചുറ്റുമതിൽ കെട്ടുന്നതിനും, കൊല്ലത്ത് ടാങ്കർ—ലോറി കാലിബ്രേഷൻ യൂണിറ്റ് പണിയുന്നതിനുമായിട്ടാണ് 32 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്. എന്നാൽ മേൽ പ്രവൃത്തികൾക്ക് 1 കോടി രൂപ ആവശ്യമായതിനാൽ പ്രസ്തുത തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കൊല്ലം ജില്ലയിൽ ഓഫീസ് സമുച്ചയവും, ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റും പണിയുന്നതിനായി 2.55 ആർ ഭൂമിയാണ് സർക്കാർ അനുവദിച്ചിരുന്നത്. ഓഫീസ് സമുച്ചയം പണികഴിപ്പിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്ന 4.2 ആർ അധിക ഭൂമി സർക്കാർ അനുവദിച്ചിട്ടില്ല. നേരത്തേ അനുവദിച്ച 2.55 ആർ ഭൂമിയിൽ ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഇതിനോടനുബന്ധമായി നിർമ്മിക്കേണ്ട അപ്രോച്ച് റോഡ്, വാട്ടർ ടാങ്ക് എന്നിവയ്ക്കുള്ള റീ എസ്റ്റിമേറ്റുമായി ബന്ധപ്പെട്ട് പി. ഡബ്ളിയുമായുള്ള നടപടി ക്രമങ്ങൾ ഇപ്പോഴും തുടരുന്നതിനാൽ ടി കാലിബ്രേഷൻ യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടില്ല. 4.2 ആർ അധിക ഭൂമി കൂടി ലഭിച്ചാൽ മാത്രമേ ഓഫീസ് സമുച്ചയം കൂടി പണികഴിപ്പിക്കുവാൻ സാധിക്കുകയുള്ളു. ആയതിനാൽ 2010-11 സാമ്പത്തിക വർഷം ഭൂമി അനുവദിച്ചു കിട്ടുമെന്നുള്ളതിനാൽ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിക്കേണ്ട ആവശ്യമുണ്ടായില്ല.

## ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യം

ശുപാർശ നമ്പർ 49

3456-00-001-99— സിവിൽ സപ്ലൈസ് വകുപ്പ് ഭരണവും നടത്തിപ്പും

സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ, സിവിൽ സപ്ലൈസ് കമ്മീഷണർ, സിവിൽ സപ്ലൈസ് ഡയറക്ടർ, കൺട്രോളർ ഓഫ് റേഷനിംഗ്, മൂന്ന് അസിസ്റ്റന്റ് സെക്രട്ടറിമാർ, വിജിലൻസ് ഓഫീസർ, ലാ ഓഫീസർ, ചീഫ് അക്കൗണ്ട്സ് ഓഫീസർ, ഫിനാൻസ് ഓഫീസർ, സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ എന്നിവർ ഉൾപ്പെടെ ആകെ 146 ഉദ്യോഗസ്ഥരുണ്ട്. ഇവരുടെ ശമ്പളം, യാത്രാപ്പടി, ഓഫീസ് ചെലവ് മുതലായവയ്ക്കാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്. സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിലേക്ക് മൂന്ന് പുതിയ ഔദ്യോഗിക വാഹനങ്ങൾ വാങ്ങുന്നതിന് 12,00,000 രൂപ അനുവദിക്കണമെന്ന് 2008-09 സാമ്പത്തിക വർഷത്തിലെയും 2009-10 സാമ്പത്തിക വർഷത്തിലെയും ധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകളിൽ സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ആയത് അനുവദിക്കുക യുണ്ടായില്ല. ആയതിനാൽ ഈ സാമ്പത്തികവർഷം പ്രസ്തുത ആവശ്യത്തിനായി 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2008-09, 2009-10 എന്നീ സാമ്പത്തിക വർഷങ്ങളിൽ സമിതി നിർദ്ദേശിച്ചിരുന്ന പ്രകാരം സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലേക്ക് 3 ഔദ്യോഗിക വാഹനങ്ങൾ വാങ്ങുന്നതിനായി 12 ലക്ഷം രൂപ വകയിരുത്തണമെന്നാവശ്യപ്പെട്ട് സർക്കാരിന് ശുപാർശ സമർപ്പിച്ചിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം തുക അനുവദിക്കുവാനായില്ല. 2010-11 സാമ്പത്തിക വർഷത്തിലും ടി ആവശ്യത്തിനായി തുക അനുവദിക്കാനായില്ല. 2010-11-ലെ ഉപധനാഭ്യർത്ഥന വഴി സർക്കാർ 15.49 ലക്ഷം രൂപ വകയിരുത്തുകയും ടി തുക കമ്മീഷണറേറ്റിൽ 3 വാഹനങ്ങൾ വാങ്ങാൻ ചെലവഴിക്കുകയും ചെയ്തു.

ശുപാർശ നമ്പർ 50

3456-00-001-97— ജില്ലാ ഓഫീസുകൾ

സിവിൽ സപ്ലൈസ് വകുപ്പിന്റെ ജില്ലാ ഓഫീസുകളുടെ പ്രവർത്തനത്തിനുവേണ്ടി യാണ് ഈ തുക വകകൊള്ളിച്ചിരിക്കുന്നത്. ജില്ലാ സപ്ലൈ ഓഫീസർ, ഒരു സീനിയർ സൂപ്രണ്ട്, ഒരു ജൂനിയർ സൂപ്രണ്ട് എന്നിവർ ഉൾപ്പെടെ 14 മുതൽ 22 വരെ ഉദ്യോഗസ്ഥന്മാരാണ് ഓരോ ഓഫീസിലുമുള്ളത്. ഇവരുടെ ശമ്പളം, യാത്രാപ്പടി, ഓഫീസ് ചെലവുകൾ, വാടക, കരം എന്നീ കാര്യങ്ങൾക്കാണ് ഈ തുക വകകൊള്ളി ച്ചിരിക്കുന്നത്. ജില്ലാസപ്ലൈ ഓഫീസുകളുടെ വാഹനം വാങ്ങൽ എന്ന ശീർഷകത്തിൽ 2009-10 സാമ്പത്തിക വർഷവും തുകയൊന്നും വകയിരുത്തിയിട്ടില്ല. 14 ജില്ലാ സപ്ലൈ ഓഫീസുകളിലേക്ക് വാഹനം വാങ്ങുന്നതിന് 56 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് 2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൽ സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ആയത് നൽകുകയുണ്ടായില്ല. എന്നാൽ 1,000 രൂപ ടോക്കൺ ആയി വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ ഈ വർഷം 56 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശ പരിഗണിച്ച്, 2010-11 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥന വഴി 32.48 ലക്ഷം രൂപ സർക്കാർ വകയിരുത്തുകയും, ടി തുക ചെലവഴിച്ച് ആറ് വാഹനങ്ങൾ വാങ്ങുകയുമുണ്ടായി. ആയതിന് 27,06,564 രൂപ ചെലവു വന്നു.

ശുപാർശ നമ്പർ 51

3456-00-001-86—കമ്പ്യൂട്ടർവത്ക്കരണവും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തലും നവീകരിക്കലും

2010-11 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് വകുപ്പിൽ കമ്പ്യൂട്ടർ വൽക്കരണത്തിനായി അനുവദിച്ച 15 ലക്ഷം രൂപ '3456-00-001-99-(34) മറ്റു ചെലവുകൾ' എന്ന ശീർഷകത്തിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത തുക '3456-00-001-86-കമ്പ്യൂട്ടർവൽക്കരണവും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തലും നവീകരിക്കലും' എന്ന ശീർഷകത്തിലേക്ക് മാറ്റി വകയിരുത്തണമെന്നും സോഫ്റ്റ് വെയറിന്റെ വികസന ത്തിനായുള്ള എൻ.ഐ.സി.യുടെ പ്രോജക്റ്റിന് വേണ്ടിയും ജില്ലാ സപ്ലൈ ഓഫീസുകളിലും കമ്മീഷണറേറ്റിലും പുതിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി ഇൻസ്റ്റാൾ ചെയ്യുന്നതിന് വേണ്ടിയും അധികമായി 22.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷം സമിതി നിർദ്ദേശിച്ചതുപ്രകാരം 3456-00-001-34 മറ്റു ചെലവുകൾ എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരുന്ന 15 ലക്ഷം രൂപ '3456-00-001-86-കമ്പ്യൂട്ടർവൽക്കരണവും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തലും നവീകരിക്കലും' എന്ന ശീർഷകത്തിലേക്ക് മാറ്റി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക വർഷം അധിക തുകയായി എസ്.ഡി.ജി.-യിൽ ഉപക്ഷേപം സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും പ്രസ്തുത ശീർഷകത്തിൽ വകയിരുത്തുകയുണ്ടായില്ല.

ശുപാർശ നമ്പർ 59

2408-01-800-91—കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ്

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ആരംഭിച്ച ഇൻഡിജീനസ് ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ 2010-11 സാമ്പത്തിക വർഷം ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം തുടങ്ങാനും ക്യാമ്പസിന് ചുറ്റുമതിലും ഫയർലൈനും സ്ഥാപിക്കുന്നതിനും ക്യാമ്പസിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിനും സൗന്ദര്യവൽക്കരണത്തിനും, റോഡ് നവീകരണത്തിനും കെമിക്കൽ അനാലിസിസ് ലബോറട്ടറി, ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറി എന്നിവയ്ക്ക് ആവശ്യമായ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനും അനുബന്ധപ്രവർത്തനങ്ങൾക്കും കൂടാതെ ഭക്ഷ്യസാങ്കേതിക കോളേജ് ആരംഭിക്കുന്നതിനുമായി 5.5 കോടി രൂപ കൂടുതലായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2408-01-800-91—കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് ശീർഷകത്തിലേക്ക് ബഡ്ജറ്റ് വിഹിതം 60,00,000 രൂപയായിരുന്നു. ടി തുക 2010-11 സമ്പത്തിക വർഷം ടി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ കൂടുതൽ തുക വകയിരുത്തിയിട്ടില്ല.

ശുപാർശ നമ്പർ 60

2408-01-800-86—അംഗീകൃത റീട്ടെയിൽ ഡിപ്പോകളുടെ നവീകരണം

റേഷൻ ഡിപ്പോകളുടെ നവീകരണത്തിനും റേഷൻ സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിലേക്കുമായി എല്ലാ ചില്ലറ/മൊത്ത വ്യാപാര ഡിപ്പോകളിലും കമ്പ്യൂട്ടർ, സ്കാനർ, കാർഡ് റീഡർ എന്നീ ഉപകരണങ്ങൾ സ്ഥാപിച്ച് എഫ്.സി.ഐ.യിൽ നിന്നും എടുക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും അതുപോലെ മൊത്ത വ്യപാരികൾ ചില്ലറ വ്യാപാരികൾക്കു നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ വിവരങ്ങളും, ചില്ലറ വ്യാപാരികൾ കാർഡ് ഉടമകൾക്ക് നൽകുന്ന സാധനങ്ങളുടെ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുന്നതിനുംവേണ്ടി നടപ്പാക്കുന്ന, കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള, പദ്ധതിയുടെ ചെലവിലേക്കായി ഈ സാമ്പത്തിക വർഷം 15 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2408-01-800-86-അംഗീകൃത റീട്ടെയിൽ ഡിപ്പോകളുടെ നവീകരണം എന്ന ശീർഷകത്തിലേക്ക് 15,00,000 രൂപ 2010-11ലേക്ക് വകയിരുത്തുകയും ആയത് മുഴുവൻ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. അധിക തുക വകയിരുത്തിയിട്ടില്ല.

ശുപാർശ നമ്പർ 61

4408-01-101-95—റേഷൻ കാർഡ് പുതുക്കൽ

സംസ്ഥാനത്ത് നിലവിലുള്ള 68 ലക്ഷത്തോളം റേഷൻ കാർഡുകൾ 2009-10 സാമ്പത്തിക വർഷം പുതുക്കി നൽകിയ ഇനത്തിൽ കെൽട്രോണിന് 3 കോടി രൂപയും സി-ഡിറ്റിന് കാർഡ് ഒന്നിന് 13.85 രൂപ നിരക്കിൽ 25 ലക്ഷം രൂപയും നൽകാനുണ്ട്. ഈ സാഹചര്യത്തിൽ മേൽ ശീർഷകത്തിൽ 2010-11 വർഷം 5 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

"4408-01-101-95 റേഷൻ കാർഡ് പുതുക്കൽ" എന്ന ശീർഷകത്തിൽ 10,00,000 രൂപയാണ് ബഡ്ജറ്റ് വിഹിതമായി ഉണ്ടായിരുന്നത് ആയതിൽ ജി.ഒ.(ആർ.റ്റി)നമ്പർ. 4424/10/ഫിൻ. തീയതി 1-6-2010 പ്രകാരം 50,00,000. ജി.ഒ.(ആർ.റ്റി)നമ്പർ. 7335/10/ഫിൻ. തീയതി 5-10-2010 പ്രകാരം 1,95,62,000. ജി.ഒ.(ആർ.റ്റി)നമ്പർ. 8056/10/ഫിൻ. തീയതി 6-11-2010 പ്രകാരം 74,85,000 എന്നീ ക്രമത്തിൽ മൊത്തം 3,20,47,000 രൂപ അധികമായി അനുവദിക്കുകയും ആയത് മുഴുവൻ ചെലവാകുകയും ചെയ്തിട്ടുണ്ട്.

## ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യം

### ശുപാർശ നമ്പർ 18

4408-01-101-95—റേഷൻകാർഡ് പുതുക്കൽ

റേഷൻ കാർഡുകൾ കമ്പ്യൂട്ടറൈസ്ഡ് ഫോർമാറ്റിൽ പുതുക്കുന്നതിനുള്ള ആദ്യഘട്ടത്തിലെ പ്രവർത്തനങ്ങൾക്ക് കെൽട്രോണിനും രണ്ടാം ഘട്ടത്തിലെ പ്രവർത്തനങ്ങൾക്ക് സി-ഡിറ്റിനും കുടിശ്ശിക തുക നൽകാനുണ്ട്. ആയതിനാൽ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ 107.98 ലക്ഷം രൂപ കൂടി അധികമായി വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന 10 ലക്ഷം രൂപ സി-ഡിറ്റിന് നൽകിയിട്ടുണ്ട്. സമിതി നിർദ്ദേശിച്ച പ്രകാരം സി-ഡിറ്റിന് കുടിശ്ശികയായിട്ടുള്ള തുക നൽകുന്നതിലേക്കായി കൂടുതൽ തുക ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ശുപാർശകൾ സർക്കാരിന് സമർപ്പിക്കുകയും സർക്കാർ 1,07,18,000 രൂപ അധികമായി വകയിരുത്തുകയും ടി തുക സി-ഡിറ്റിന് നൽകുകയും ചെയ്തിട്ടുണ്ട്.

### ശുപാർശ നമ്പർ 19

3456-00-001-86— കമ്പ്യൂട്ടർവത്ക്കരണവും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തലും നവീകരിക്കലും

കമ്പ്യൂട്ടർവത്ക്കരണത്തിനായി അനുവദിച്ചിട്ടുള്ള തുക സിവിൽ സപ്ലൈസ് വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ റേഷൻ കാർഡുകളുടെ വിതരണത്തിനായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനും, സോഫ്റ്റ്‌വെയർ വികസനത്തിനായുള്ള പ്രോജക്റ്റ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് മതിയാവുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധികമായി 62.5 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സിവിൽ സപ്ലൈസ് വകുപ്പിന്റെ കമ്പ്യൂട്ടർവത്ക്കരണത്തിനായി വകയിരുത്തിയ 20 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചു.

### ശുപാർശ നമ്പർ 20

3456-00-001-96—പൊതുവിതരണ സമ്പ്രദായം സംബന്ധിച്ച പരിശീലന പരിപാടി

സിവിൽ സപ്ലൈസ് വകുപ്പിൽ പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്കും, അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർക്ക് മുകളിലുള്ള ഉദ്യോഗസ്ഥർക്കും പൊതു വിതരണം, ധനവിനിയോഗം എന്നിവ സംബന്ധിച്ച വിഷയങ്ങളിൽ നടത്തിവരുന്ന പരിശീലനത്തിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷം '3456-00-001-96-ട്രെയിനിംഗ് ഓഫ് പി.ഡി.എസ്.' ശീർഷകത്തിന്മേൽ ബഡ്ജറ്റ് വിഹിതമായി അഞ്ച് ലക്ഷം രൂപ കൂടി അനുവദിക്കണമെന്നായിരുന്നു വിഷയ നിർണ്ണയ സമിതിയുടെ ശുപാർശ. സമിതിയുടെ ശുപാർശയും പരിശീലനത്തിന്റെ പ്രാധാന്യവും കണക്കിലെടുത്ത് 1 ലക്ഷം രൂപ കൂടി പ്രസ്തുത ശീർഷകത്തിലേക്ക് 22-3-2012-ലെ സ.ഉ.(സാധാ)നമ്പർ 2445/12/ധന മുഖേന റീഅപ്രോപ്രിയേഷൻ വഴി വകയിരുത്തുകയുണ്ടായി.

### ശുപാർശ നമ്പർ 21

2408-01-800-91—കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ആരംഭിച്ചിട്ടുള്ള ഇൻഡിജിനസ് ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കേരളത്തിലെ നാടൻ ഭക്ഷ്യ വസ്തുക്കളുടെ തനിമ നിലനിർത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ളതാക്കാനുദ്ദേശിച്ചുള്ളതാണ്. ഭക്ഷ്യ ഗുണനിലവാര നിരീക്ഷണ ലബോറട്ടറി, ഭക്ഷ്യ സംസ്കരണ പരിശീലനകേന്ദ്രം, തദ്ദേശീയ ഭക്ഷ്യ സാങ്കേതിക കോളേജ്, ഭക്ഷ്യ പാർക്ക് എന്നീ സ്ഥാപനങ്ങളും ഭാഗമായുള്ള അന്താരാഷ്ട്ര നിലവാരമുള്ള ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ചിട്ടുള്ള 110 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇൻഡിജിനസ് ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ നടത്തിപ്പും വികസനവും ഉറപ്പുവരുത്തുന്നതിനായി 4 കോടി 85 ലക്ഷം രൂപ കൂടി അധികമായി വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ആരംഭിച്ചിട്ടുള്ള ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിനായി 1.10 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

### ശുപാർശ നമ്പർ 22

2408-01-800-86—അംഗീകൃത റീട്ടെയിൽ ഡിപ്പോകളുടെ നവീകരണം

റേഷൻ കടകളിൽ സാധനങ്ങളുടെ സ്റ്റോക്കും വിലയും പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡുകൾ, റേഷൻ സാധനങ്ങൾ ദുരുപയോഗം ചെയ്യാതെ ശരിയായ രീതിയിൽ വിതരണം ചെയ്യുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ച് കടകൾ നവീകരിക്കുന്ന പദ്ധതിക്കായി വകയിരുത്തിയ തുകയ്ക്ക് (15 ലക്ഷം രൂപ) പുറമേ അധികമായി ചെലവുവരുന്ന 15 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

റേഷൻ കടകൾ നവീകരിക്കുന്ന പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ 15 ലക്ഷം രൂപ പൂർണ്ണമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 23

സംസ്ഥാനത്ത് പല റേഷൻ കടകളും ജനങ്ങൾക്ക് എത്തിച്ചേരുവാൻ സൗകര്യമുള്ള സ്ഥലങ്ങളിലല്ല പ്രവർത്തിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുവാൻ സൗകര്യപ്രദമായ സ്ഥലങ്ങളിൽ കടകൾ പ്രവർത്തിപ്പിക്കുവാൻ വേണ്ട നിർദ്ദേശം നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്ജക്റ്റ് കമ്മിറ്റി ശുപാർശയിൽ പരാമർശിക്കുന്ന വിഷയത്തിൽ, പൊതുജനങ്ങളിൽ നിന്നും പരാതി ലഭിക്കുന്നപക്ഷം ആയത് പരിശോധിച്ച് അർഹിക്കുന്ന കേസുകളിൽ സമിതിയുടെ നിർദ്ദേശം നടപ്പിൽ വരുത്താനും കൂടാതെ പുതിയ കടകൾക്കുള്ള അപേക്ഷ തീർപ്പാക്കുമ്പോൾ ഇക്കാര്യം പ്രത്യേകം പരിഗണിക്കാനും എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്.

## സഹകരണം

ശുപാർശ നമ്പർ 1

2425-00-107-93—കാർഷികോൽപാദനച്ചെലവ് സമാശ്വാസ പദ്ധതി

കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 5% പലിശയിളവ് നൽകുന്നതിനായി 2011-12 സാമ്പത്തിക വർഷത്തേക്ക് 10 കോടി രൂപ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുള്ളത് കൂടാതെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക വികസന ബാങ്കുകൾ എന്നിവയിൽ നിന്നും വായ്പയെടുക്കുന്ന കർഷകന് കൃത്യമായ വായ്പാ തിരിച്ചടവിന് മുതൽ തുകയുടെ 5% ആനുകൂല്യം നൽകുന്ന കാർഷികോൽപ്പാദന ചെലവ് സമാശ്വാസ പദ്ധതിയുടെ കുടിശ്ശിക തീർക്കുന്നതിനായി 50 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കാർഷികോൽപ്പാദന ചെലവ് സമാശ്വാസ പദ്ധതി പ്രകാരം 2011-12 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 7 കോടി രൂപയ്ക്ക് പുറമെ തുക ഒന്നും തന്നെ അനുവദിച്ചിട്ടില്ല. 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രസ്തുത ഇനത്തിൽ 44 കോടി രൂപ വകയിരുത്തുന്നതിന് ബഡ്ജറ്റ് പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും ഈ ഇനത്തിൽ 7 കോടി രൂപ മാത്രമേ 2012-13 വർഷത്തെ ബഡ്ജറ്റിലും വകയിരുത്തിയിട്ടുള്ളു.

ശുപാർശ നമ്പർ 2

2425-00-108-47—പ്രൊഫഷണൽ എഡ്യൂക്കേഷനു വേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം

സഹകരണ അക്കാഡമിക്ക് സർക്കാർ ഗ്രാന്റ് നൽകുന്നതിനുള്ള വ്യവസ്ഥയനുസരിച്ച് അക്കാഡമിയ്ക്ക് നൽകുവാനുള്ള 43.27 കോടി രൂപയും 2010-11-ൽ 1.46 കോടി രൂപയും 2011-12-ൽ 1.75 കോടി രൂപയും മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ ശീർഷകത്തിൽ 40.06 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കായുള്ള ധനസഹായത്തിന് അർഹതയുള്ള 81.91 കോടി രൂപയിൽ 41.8551 കോടി രൂപ 2011-12 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശേഷിക്കുന്ന തുകയായ 40.0549 കോടി രൂപയിൽ 2.10 കോടി രൂപ 2012-13 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2011-12 വർഷത്തെ അവസാന ഉപധനാഭ്യർത്ഥന വഴി 18.25 കോടി രൂപ കൂടി ഗ്രാന്റ് ഇനത്തിൽ cape-ന് അനുവദിക്കുന്നതിന് അപേക്ഷിച്ചിരുന്നു വെങ്കിലും ലഭ്യമാക്കിയിട്ടില്ല. 2012-13 വർഷത്തെ ഉപധനാഭ്യർത്ഥന വഴി ധനസഹായം അഭ്യർത്ഥിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശുപാർശ നമ്പർ 3

2425-00-108-80—ഉത്സവചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായധനം

കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ഉത്സവചന്തകൾ നടത്തുന്നതിനായി 5 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ ഇനത്തിൽ ഫെഡറേഷന് 102 കോടി രൂപ കൂടി അനുവദിച്ചു നൽകേണ്ടതുണ്ട്. നിത്യോപയോഗ സാധനങ്ങൾക്ക് വില കയറി നിൽക്കുന്ന സാഹചര്യത്തിൽ സാധാരണക്കാർക്ക് ആശ്വാസമായ ഉത്സവ ചന്തകളുടെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 100 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഉത്സവചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായമായി 5 കോടി രൂപ 2425-108-80 എന്ന ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷം അനുവദിച്ചതിന് പുറമെ അഡീഷണൽ ആതറൈസേഷൻ വഴി 10 കോടി രൂപയും അവസാന ഉപധനാഭ്യർത്ഥന വഴി 15 കോടി രൂപയും ഉൾപ്പെടെ മൊത്തം 30 കോടി രൂപ 2011-12 സാമ്പത്തിക വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്. അവസാന ഉപധനാഭ്യർത്ഥന വഴി 237.38 കോടി രൂപ അനുവദിക്കുന്നതിന് അപേക്ഷിച്ചിരുന്നുവെങ്കിലും 15 കോടി രൂപ മാത്രമേ ലഭ്യമാക്കിയിട്ടുള്ളു. 2012-13 സാമ്പത്തിക വർഷം ഈ ഇനത്തിൽ 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 4

2425-00-107-80—പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം

4425-00-107-89—പ്രാഥമിക കാർഷിക സംഘങ്ങൾക്ക് ഓഹരി മൂലധനം

6425-00-107-72—പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

2011-12 വർഷത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവയ്ക്കുള്ള ധനസഹായമായി അനുവദിച്ചിട്ടുള്ള 700 ലക്ഷം രൂപ ഓഹരി, സബ്സിഡി, വായ്പ എന്നീ ഇനങ്ങളിൽ സഹായം നൽകുന്നതിനു പുറമേ പ്രവർത്തനം

മന്ദീഭവിച്ച പ്രാഥമിക വായ്പാ സംഘങ്ങളെ പുനരുദ്ധരിക്കുന്ന പ്രവർത്തനത്തിനും കൂടി പര്യാപ്തമാകുകയില്ല. ആയതിനാൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന്റെ ഭാഗമായി വായ്പ അനുവദിക്കുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പുനരുദ്ധാരണം എന്ന ഇനം കൂടി പദ്ധതി സംബന്ധിച്ച വിശദവിവരങ്ങളിൽ ഉൾപ്പെടുത്തുന്നതിനും 1,500 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള സാമ്പത്തിക സഹായമായി 2425-107-80, 6425-107-89, 6425-107-72 എന്നീ ശീർഷകങ്ങളിലായി യഥാക്രമം 1.25 കോടി, 3.20 കോടി, 2.55 കോടി എന്നിങ്ങനെ ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നു. കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം എന്ന ഇനം കൂടി ഉൾപ്പെടുത്തി 1:12 എന്ന അനുപാതത്തിൽ ധനസഹായം അനുവദിക്കുന്നതിനുള്ള റൂളിന് അംഗീകാരം നൽകിയിട്ടുണ്ട്. 2012-13 വർഷത്തെ ബഡ്ജറ്റ് പ്രകാരം 2425-107-80, 4425-107-89, 6445-107-72 എന്നീ ശീർഷകങ്ങളിൽ യഥാക്രമം 4.80 കോടി, 3.60 കോടി, 3.60 കോടി എന്നിങ്ങനെ 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 5

2425-00-108-61—ദുർബലവും എന്നാൽ പുരോഗമിക്കുവാൻ സാദ്ധ്യതയുമുള്ള സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പാക്കേജ്

4425-00-108-5—ദുർബലവും എന്നാൽ അഭിവൃദ്ധിപ്പെടാൻ സാദ്ധ്യതയുമുള്ള സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പാക്കേജ്

6425-00-108-29— ക്ഷയിച്ച സഹകരണ സംഘങ്ങളുടെ പുനരധിവാസത്തിന്

ദുർബലവും പുരോഗമിക്കുവാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായമായി വകയിരുത്തിയിരിക്കുന്ന 150 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 150 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ദുർബലവും എന്നാൽ പുരോഗമിക്കുവാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരധിവാസത്തിനുവേണ്ടിയുള്ള സാമ്പത്തിക സഹായം 2425-108-61, 4425-108-51, 6425-108-29 എന്നീ ശീർഷകങ്ങളിലായി യഥാക്രമം 45 ലക്ഷം രൂപ, 45 ലക്ഷം രൂപ, 60 ലക്ഷം രൂപ എന്നിങ്ങനെ മൊത്തം 1.50 കോടി രൂപ 2011-12 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്നു. ഇതിനു പുറമേ ധന പുനഃക്രമീകരണം വഴി 6425-108-29 എന്ന ശീർഷകത്തിൽ 6.97 ലക്ഷം രൂപ അധികമായി തൻവർഷം ലഭ്യമാക്കിയിരുന്നു. നടപ്പു സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ യഥാക്രമം 150 ലക്ഷം രൂപ, 150 ലക്ഷം രൂപ, 200 ലക്ഷം രൂപ എന്നിങ്ങനെ ആകെ 500 ലക്ഷം രൂപ വകയിരുത്തുന്നതിന് അപേക്ഷിച്ചിരുന്നുവെങ്കിലും ആയത് വകയിരുത്തിയിട്ടില്ല.

2012-13 സാമ്പത്തിക വർഷം മുതൽ പ്രസ്തുത പദ്ധതിയെ സഹകരണ സംഘങ്ങളുടെ വികസന പ്രവർത്തന വൈവിദ്ധ്യവൽക്കരണത്തിനുമുള്ള പദ്ധതിയുമായി സംയോജിപ്പിച്ച് ഒന്നാക്കി നടപ്പ് സാമ്പത്തിക വർഷം 250 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 100 ലക്ഷം രൂപയാണ് ദുർബലവും എന്നാൽ ശക്തിയാർജിക്കാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി വകയിരുത്തിയിട്ടുള്ളത്.

ശുപാർശ നമ്പർ 6

2425-00-800-98—വിനോദ സഞ്ചാര വികസനത്തിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

4425-00-108-33—വിനോദ സഞ്ചാര വികസനത്തിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള ഓഹരി മൂലധനവിഹിതം

കേരളത്തിലുടനീളം വിപുലമായ ശൃംഖലയുള്ളതും നല്ല രീതിയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സ്ഥാപനങ്ങൾവഴി വിനോദ സഞ്ചാരവികസനം ലക്ഷ്യമിടുന്ന പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 30 ലക്ഷം രൂപ തികച്ചും അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിനോദ സഞ്ചാര വികസനത്തിനും, പരമ്പരാഗത വ്യവസായം, ആയുർവേദം എന്നീ മേഖലകൾക്ക് പ്രോത്സാഹനം നൽകുന്നതിനുമായി 2011-12 സാമ്പത്തിക വർഷം 2425-800-98, 4425-108-33 എന്നീ ശീർഷകങ്ങളിലായി യഥാക്രമം 20 ലക്ഷം രൂപ, 10 ലക്ഷം രൂപ എന്നിങ്ങനെ തുകകൾ അനുവദിച്ചിരുന്നു. 2012-13 സാമ്പത്തിക വർഷത്തിൽ മേൽ ശീർഷകങ്ങളിലേക്കായി യഥാക്രമം 100 ലക്ഷം രൂപയും 50 ലക്ഷം രൂപയും വകയിരുത്തുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയിൽ 2012-13 സാമ്പത്തിക വർഷം മുതൽ മറ്റു സഹകരണ സംഘങ്ങൾക്ക് ധനസഹായ പദ്ധതിയിൽ സംയോജിപ്പിച്ച് 2425-108-57, 4425-108-68 എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി നടപ്പു സാമ്പത്തിക വർഷം 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 7

2425-00-800-95—സഹകരണ റിസ്ക് ഫണ്ട് എന്ന പദ്ധതി

സഹകരണ റിസ്ക് ഫണ്ട് പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ശീർഷകം പുനഃസ്ഥാപിക്കേണ്ടതും ആ ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ 2425-001-800-95 എന്ന ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ, പ്രസ്തുത ശീർഷകത്തിൽ 2012-13 സാമ്പത്തിക വർഷത്തിലേക്കായി 5 കോടി രൂപ വകയിരുത്തുന്നതിന് അപേക്ഷിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിരുന്നില്ല. എന്നാൽ ഈ പദ്ധതി

2012-13 സാമ്പത്തിക വർഷത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ ഇവയ്ക്കുള്ള വായ്പാ സഹായം എന്ന പദ്ധതിയോട് സംയോജിപ്പിക്കുകയും ആകെ 480 ലക്ഷം രൂപ മേൽപ്പറഞ്ഞ പദ്ധതിയിനത്തിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

ശുപാർശ നമ്പർ 8

2425-00-001-91—സഹകരണ വകുപ്പിന്റെ നവീകരണം

സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 15 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. സഹകരണ വകുപ്പിന്റെ കീഴിലുള്ള വിവിധ ആഫീസുകളുടെ ആധുനികവൽക്കരണം, സഹകരണ മേഖലയെക്കുറിച്ചുള്ള പ്രചാരണത്തിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് ഈ തുക മതിയാകുകയില്ല. ആയതിനാൽ സഹകരണ വകുപ്പിന്റെ നവീകരണത്തിനായി 155 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സഹകരണവകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 2011-12 സാമ്പത്തിക വർഷം 2425-00-001-91 എന്ന ശീർഷകത്തിൽ 15 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. സബ്ജക്റ്റ് കമ്മിറ്റി നിർദ്ദേശിച്ചതുപോലെ പ്രസ്തുത വർഷം 155 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കുന്നതിന് വേണ്ടിയുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും, തുക അനുവദിച്ചിരുന്നില്ല. 2012-13 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 30 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 9

സഹകരണ വകുപ്പിലെ പുതിയ പദ്ധതികളെപറ്റിയുള്ള വിവരങ്ങൾ അറിയുന്നതിനായി സഹകരണ പ്രസിദ്ധീകരണങ്ങൾ കേരളത്തിലെ എല്ലാ നിയമസഭാംഗങ്ങൾക്കും, പാർലമെന്റംഗങ്ങൾക്കും അയച്ചുകൊടുക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സ്വീകരിച്ച നടപടി

സഹകരണ വകുപ്പിലെ പുതിയ പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ അറിയിക്കുന്നതിനായി സഹകരണ പ്രസിദ്ധീകരണങ്ങൾ കേരളത്തിലെ എല്ലാ നിയമസഭാ അംഗങ്ങൾക്കും, പാർലമെന്റംഗങ്ങൾക്കും അയച്ചുകൊടുക്കുന്നുണ്ട്.

ശുപാർശ നമ്പർ 10

2425-00-003-88—സഹകരണ വകുപ്പിലെ പരിശീലനം

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കു നൽകിയ വിവിധതരത്തിലുള്ള പരിശീലനത്തിന്റെയും, പരിശീലന പരിപാടിയിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ പട്ടികയും ഉൾപ്പെടുത്തി റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചു. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ, വകുപ്പിലെ പരിശീലന പരിപാടിയിൽ നിർബന്ധമായും പങ്കെടുക്കണമെന്ന കർശന നിർദ്ദേശം നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

സ്വീകരിച്ച നടപടി

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കു പരിശീലനം നൽകുന്നതിനായി 2011-12 സാമ്പത്തിക വർഷം 20 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയത് വിവിധ പരിശീലന പരിപാടിക്കായി വിനിയോഗിച്ചു. സഹകരണ വകുപ്പിലെ 1204 ഉദ്യോഗസ്ഥർക്ക് 56 കോഴ്സുകളിലായി പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ 147 കോഴ്സുകളിലായി 5018 സഹകരണ സംഘം ജീവനക്കാർക്കും പരിശീലനം നൽകിയിട്ടുണ്ട്. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ വകുപ്പുതല പരിശീലന പരിപാടികളിൽ കർശനമായും പങ്കെടുക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 11

2425-00-001-99—സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം

സഹകരണവകുപ്പിന് ആസ്ഥാന മന്ദിരം പണിയുന്നതിനായി ഹാന്റക്സിന്റെ വായ്പാ കുടിശ്ശികയ്ക്കു പകരമായി ഹാന്റക്സിന്റെ സ്ഥലം വിട്ടുകൊടുക്കാനുള്ള നിർദ്ദേശം നടപ്പിലാക്കുകയും പുതിയ ഹെഡ് ഓഫ് അക്കൗണ്ടിൽ 3,500 ലക്ഷം രൂപ വകയിരുത്തുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സഹകരണ ആസ്ഥാന മന്ദിരം പണിയുന്നതിനായി സംസ്ഥാന സഹകരണ ബാങ്കിൽ ഹാന്റക്സിനുള്ള വായ്പാ കുടിശ്ശിക തീർപ്പാക്കി ഹാന്റക്സിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം സഹകരണ വകുപ്പിന് നൽകുന്നതിനായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിന് സഹകരണ വകുപ്പുമന്ത്രിയും, വ്യവസായ വകുപ്പുമന്ത്രിയും സംയുക്തമായി യോഗം ചേരുകയുണ്ടായി. ഹാന്റക്സിന് കേന്ദ്ര സർക്കാരിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ചോ, അല്ലെങ്കിൽ വസ്തു വിൽപ്പന നടത്തിയോ, വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിന് 31-10-2011 വരെ സമയം അനുവദിക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത തീയതിക്കകം വായ്പാ കുടിശ്ശിക തീർക്കാത്തതിനാൽ റിക്കവറി നടപടികൾ സ്വീകരിക്കുന്ന താണെന്ന് കാണിച്ച് ഹാന്റക്സിന് സംസ്ഥാന സഹകരണ ബാങ്ക് ഫൈനൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം മന്ദിരം പണിയുന്നതിന് പണം അനുവദിക്കുന്നതിന് അപേക്ഷിച്ചിരുന്നുവെങ്കിലും ഫണ്ട് ലഭ്യമാക്കിയിട്ടില്ല.

(സി) ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2012 ജൂലൈ 23-ാം തീയതി ചേർന്ന യോഗത്തിൽ അംഗീകരിക്കുകയും 2012 ജൂലൈ 25-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**ഭാഗം II**

(എ) 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള കാലയളവിലെ സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ പീരിയോഡിക്കൽ റിപ്പോർട്ട് 2012 ജൂലൈ 14-ാം തീയതി സമിതി അംഗീകരിക്കുകയും 2012 ജൂലൈ 24-ാം തീയതി റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) താഴെപ്പറയുന്ന ബില്ലുകൾ സമിതി പരിഗണിക്കുകയും അതു സംബന്ധിച്ച റിപ്പോർട്ടുകളും സമിതി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളും സഭയിൽ സമർപ്പിക്കുകയുമുണ്ടായി:

2012-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ, സബ്ജക്റ്റ് കമ്മിറ്റി XI, 14-6-2012-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും അതു സംബന്ധിച്ച റിപ്പോർട്ട് 27-6-2013-ൽ സഭയിൽ സമർപ്പിക്കുകയുമുണ്ടായി.

2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ, സമിതി 11-2-2013-ലെ യോഗത്തിൽ ഖണ്ഡംഖണ്ഡമായി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും അതു സംബന്ധിച്ച റിപ്പോർട്ട് 12-2-2013-ൽ സഭയിൽ സമർപ്പിക്കുകയുമുണ്ടായി.

2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ, സമിതി 26-3-2013-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും അതു സംബന്ധിച്ച റിപ്പോർട്ട് 2-4-2013-ൽ സഭയിൽ സമർപ്പിക്കുകയുമുണ്ടായി.

(സി) സബ്ജക്റ്റ് കമ്മിറ്റിയുടെ പരിശോധന കൂടാതെ കൺസ്യൂമർ പ്രൊട്ടക്ഷൻ (കേരള) അമന്റ്മെന്റ് റൂൾസ്, 2012 (എസ്.ആർ.ഒ. നമ്പർ 37/2012) വിജ്ഞാപനം ചെയ്യാനിടയായ സാഹചര്യം വിശദീകരിച്ചു കൊണ്ട് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്നുള്ള വിശദീകരണം സമിതി അംഗീകരിക്കുകയും പ്രസ്തുത നടപടിക്ക് സാധൂകരണം നൽകുകയും ചെയ്തു.

(ഡി) 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റ് (1968-ലെ 19) പ്രകാരം തയ്യാറാക്കിയ 2012-ലെ കേരള ലീഗൽ മെട്രോളജി സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2012-ലെ കേരള ലീഗൽ മെട്രോളജി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നിവയുടെ കരട് സമിതി പരിഗണനയ്ക്കെടുത്തെങ്കിലും പി.എസ്.സി.യുടെ കൺകറൻസ് ആവശ്യമാണെന്ന നിയമവകുപ്പിന്റെ അഭിപ്രായം കണക്കിലെടുത്ത്, സമിതി നിർദ്ദേശിച്ച ഭേദഗതികളോടെ കരട് ചട്ടങ്ങൾ പി.എസ്.സി.യുടെ കൺകറൻസോടുകൂടി വീണ്ടും പരിഗണനയ്ക്ക് സമർപ്പിക്കുവാൻ സമിതി 22-10-2012-ലെ യോഗത്തിൽ തീരുമാനിക്കുകയുമുണ്ടായി.

(ഇ) സമിതിയുടെ പരിധിയിൽ വരുന്ന വകുപ്പുകളായ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യം, സഹകരണം എന്നിവയിൽ നിന്നു ലഭിച്ച 2010-2011 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് പരിഗണിക്കുന്നതു സംബന്ധിച്ച കുറിപ്പ് സമിതി അംഗീകരിച്ചു.

വാർഷിക പ്രവർത്തന റിപ്പോർട്ട് പരിഗണിക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങളായ റബ്കോ, റബ്മാർക്ക് എന്നീ സ്ഥാപനങ്ങളെപ്പറ്റി പഠിക്കുവാനും അവിടെ സന്ദർശിക്കുവാനും സമിതി തീരുമാനിച്ചു.

## അദ്ധ്യായം II

(എ) ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട 49, 50 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലും ലീഗൽ മെട്രോളജിയുമായി ബന്ധപ്പെട്ട 52, 53, 54 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിൽ നേരിട്ട കാലതാമസം വിശദമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ 18-12-2012-ൽ കേരള നിയമസഭയുടെ നടപടി ക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ചു.

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട 1 മുതൽ 11 വരെയുള്ള ഖണ്ഡികകളിലെ ശുപാർശകളിന്മേലും ലീഗൽ മെട്രോളജിയുമായി ബന്ധപ്പെട്ട 12-ാം നമ്പർ ഖണ്ഡികയിലെ ശുപാർശയിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിൽ നേരിട്ട കാലതാമസം വിശദമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റ് 18-12-2012-ലും 16-ാം ഖണ്ഡിക സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് 14-2-2013-ലും ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ചു.

(ബി) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം 2010-2011 സാമ്പത്തിക വർഷത്തെ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം ധനാഭ്യർത്ഥനയുടെയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കീഴിൽ വരുന്ന ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് 28-6-2012-ലും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കീഴിൽ വരുന്ന ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ 2011-2012 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് 18-12-2012-ലും വകുപ്പുമന്ത്രി സഭയിൽ സമർപ്പിച്ചു.

അനൂപ് ജേക്കബ്,

*ചെയർമാൻ,*

*സബ്ജക്റ്റ് കമ്മിറ്റി XI.*

തിരുവനന്തപുരം,
2013 മേയ് 8

അനുബന്ധം

## 26-4-2012-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI, 2012 ഏപ്രിൽ 26-ാം തീയതി വ്യാഴാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. എക്സ്-ഒഫീഷ്യോ അംഗവും സഹകരണ വകുപ്പ് മന്ത്രിയുമായ ശ്രീ. സി. എൻ. ബാലകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ

ശ്രീമതി ഗീതാ ഗോപി, എം. എൽ. എ.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം. എൽ. എ.

ശ്രീ. ലൂഡി ലൂയിസ്, എം. എൽ. എ.

ശ്രീ. കെ. കെ. നാരായണൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. വി. എം. ഗോപാലമേനോൻ, സെക്രട്ടറി, സഹകരണവകുപ്പ്.
2. ശ്രീ. വി. വി. വിനയകുമാർ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പ്
3. ശ്രീമതി കെ. ഉഷാദേവി, അഡീഷണൽ സെക്രട്ടറി, സഹകരണവകുപ്പ്
4. ശ്രീ. പി. എസ്. ജയന്തൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീമതി ആർ. എസ്. പുഷ്പകുമാരി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. കെ. വി. സുരേഷ് ബാബു, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഇൻ-ചാർജ്)
7. ശ്രീ. പി. ബാബുരാജ്, കൺട്രോളർ ഓഫ് ലീഗൽ മെട്രോളജി
8. ശ്രീ. സി. എസ്. മോഹനകുമാർ, ചീഫ് അക്കൗണ്ട്സ് ഓഫീസർ, സിവിൽ സപ്ലൈസ്.

സമിതി 2012-2013 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനകളുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XXVII- സഹകരണം, XXVIII- പലവക സാമ്പത്തിക സർവ്വീസുകൾ, XXX- ഭക്ഷ്യം എന്നിവയിൽ ഉൾപ്പെടുന്ന കണക്കിനങ്ങൾ പരിഗണനയ്ക്കെടുക്കുകയും യോഗത്തിൽ ഹാജരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ആരായുകയും താഴെ പറയുന്ന ശുപാർശകളും നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXVII സഹകരണം

## **സഹകരണ വകുപ്പ്**

2425-00-107-80—പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം

4425-00-107-89—പ്രാഥമിക കാർഷിക സംഘങ്ങൾക്ക് ഓഹരി മൂലധനം

6425-00-107-72—പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വിവിധ വിഭാഗങ്ങളിലുള്ള വായ്പക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിനുള്ള പരിധി ഉയർത്തുന്നതിനും വായ്പയുടെ പിഴപ്പലിശ ഒഴിവാക്കുന്നതിനും സഹകരണസംഘങ്ങൾക്ക് അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് 2012-13 വർഷത്തേയ്ക്ക് അനുവദിച്ചിട്ടുള്ള 12 കോടി രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിവിധ പദ്ധതികളിലായി ധനസഹായം നൽകുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് 8 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

എംപ്ലോയീസ് സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനമിനത്തിൽ സഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടായിരുന്നുവെങ്കിലും 2012-13 വർഷത്തിൽ അത് ഉൾപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു. പ്രസ്തുത പദ്ധതി കൂടി 2012-2013 വർഷത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിനുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി 2012-2013 വർഷത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2425-00-108-49—<u>ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം</u>

4425-00-108-45—<u>ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം</u>

6425-00-108-22—<u>ഉപഭോക്തൃ സഹകരണ സംഘങ്ങകൾക്കും നീതി സ്റ്റോറുകൾക്കും സഹായം</u>

ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമുള്ള ധനസഹായമായി 1.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നന്മ പദ്ധതിയുടെ ഭാഗമായി 2000 സഹകരണ വിപണന കേന്ദ്രങ്ങൾ, കൂടുതൽ ത്രിവേണി സ്റ്റോറുകൾ, ത്രിവേണി സൂപ്പർമാർക്കറ്റുകൾ എന്നിവയും കൺസ്യൂമർ ഫെഡിന്റെയും സഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയും ആരംഭിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ 2 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2425-00-108-67—<u>മറ്റു സഹകരണ സംഘങ്ങൾക്കുള്ള സഹായം</u>

4425-00-108-68—<u>മറ്റു വിഭാഗത്തിൽപ്പെടുന്ന പലവക സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം</u>

6425-00-108-11—<u>മറ്റു സഹകരണ സംഘങ്ങൾക്കുള്ള സഹായം</u>

വിദ്യാഭ്യാസം, സാഹിത്യം, തൊഴിൽ, ചികിത്സ, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിലെ സഹകരണ സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും സഹായം നൽകുന്നതിനും ദുർബലമായ മാർക്കറ്റിംഗ്, വനിതാ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനുമായി അനുവദിച്ചിട്ടുള്ള 11 കോടി രൂപ അപര്യാപ്തമായതിനാൽ 8.30 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2425-00-108-60—<u>വൻതോതിലുള്ള വാണിജ്യ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായം</u>

4425-00-108-50—<u>വൻതോതിലുള്ള വാണിജ്യ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായം</u>

6425-00-108-28—<u>വൻതോതിലുള്ള വാണിജ്യ പ്രവർത്തനങ്ങൾക്ക് സഹകരണ സ്ഥാപനങ്ങൾക്ക് സഹായം</u>

പ്രായോഗികമായ വാണിജ്യ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്കും ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ള സഹകരണസ്ഥാപനങ്ങൾക്കും ധനസഹായം നൽകുവാൻ ഉദ്ദേശിച്ച് വകയിരുത്തിയിട്ടുള്ള 2.50 കോടി രൂപ മതിയാകുകയില്ലായെന്നതിനാൽ 3.50 കോടി രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

2425-00-108-47—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം

CAPE–ന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലും വടക്കാഞ്ചേരിയിലെ അത്താണിയിലും ഓരോ പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. എന്നാൽ അതിനു വേണ്ടി തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 5 കോടി രൂപ പ്ലാൻ ഇനത്തിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**പദ്ധതിയേതരയിനം**

2425-00-107-72-33—സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി

കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് നൽകുന്ന പലിശ ഇളവ് പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ശീർഷകം പുനഃസ്ഥാപിക്കണമെന്നും ആ ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്തു.

2425-108-47-36—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാദമിക്കുള്ള ധനസഹായം

സഹകരണ അക്കാദമിക്ക് സർക്കാർ ഗ്രാന്റ് നൽകുന്നതിനുള്ള വ്യവസ്ഥയനുസരിച്ച് നൽകാനുള്ള 40.06 കോടി രൂപയിൽ 2012-2013 സാമ്പത്തിക വർഷത്തിൽ 2425-00-108-47-31 എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ അനുവദിച്ച 2.10 കോടി രൂപ കഴിച്ച് ബാക്കി 37.96 കോടി രൂപ 2425-108-47-36 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2425-00-108-80—ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായധനം

ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിന് സബ്സിഡി ഇനത്തിൽ 5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ഉത്സവച്ചന്തകൾ സംഘടിപ്പിച്ച വകയിൽ 208 കോടി രൂപ ഫെഡറേഷന് ഇനിയും നൽകാനുള്ളതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

## ലീഗൽ മെട്രോളജി വകുപ്പ്

3475-00-106-99-04—യാത്രാ ചെലവുകൾ

വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിവിധതരത്തിലുള്ള യാത്രാബത്തകൾ നൽകുന്നതിനായി അനുവദിച്ചിട്ടുള്ള 29.21 ലക്ഷം രൂപയ്ക്കു പുറമേ ജീവനക്കാരെ പരിശീലനത്തിനായി അയയ്ക്കുന്നതിനായി യാത്രാചെലവിനത്തിൽ 5 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

3475-00-106-99-21(1)—വാഹനം വാങ്ങൽ

ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മിന്നൽ പരിശോധനകൾക്കായി പഴക്കമുള്ള വാഹനങ്ങൾ ഉപയോഗിക്കേണ്ട അവസ്ഥയാണെന്ന് സമിതി മനസ്സിലാക്കുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനം മെച്ചപ്പെടുത്തി സർക്കാരിലേക്കുള്ള വരുമാനം ഉയർത്തുന്നതിന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി അനുവദിച്ചിട്ടുള്ള ടോക്കൺ പ്രൊവിഷനായ 1,000 രൂപയ്ക്കു പുറമേ 30 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXX— ഭക്ഷ്യം

## ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ്

2408-01-101-98—റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിലുണ്ടായ അന്തരം ഫുഡ് കോർപ്പറേഷന് മടക്കിക്കൊടുക്കൽ

സംസ്ഥാന സർക്കാർ സബ്സിഡി നൽകി റേഷൻ വിതരണം ചെയ്യുമ്പോൾ ഉണ്ടാകുന്ന ചെലവ് വഹിക്കുന്നതിനാണ് 55000 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. എന്നാൽ റേഷൻ കാർഡുടമകൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതികൾക്കും റേഷൻ മൊത്ത/ചില്ലറ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിനും മറ്റുമുള്ള ചെലവുകൾക്ക് കൂടുതൽ തുക ആവശ്യമാണെന്നതിനാൽ 231.91 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2408-01-190-96—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്

കമ്പോള ഇടപെടൽ നടത്തി അവശ്യസാധനങ്ങളുടെ വില നിയന്ത്രിച്ച് വിതരണം നടത്തുമ്പോൾ കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനുണ്ടാകുന്ന നഷ്ടം നികത്തുന്നതിനായി 50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2011-12 സാമ്പത്തിക വർഷത്തിൽ കമ്പോള ഇടപെടൽ പദ്ധതി നടപ്പിലാക്കിയതിന് കോർപ്പറേഷന് ലഭിക്കാനുള്ള തുകയും നടപ്പ് സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനുള്ള പരിപാടികളുടെ ചെലവും കണക്കിലെടുക്കുമ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് കാണുന്നതിനാൽ ഈ ശീർഷകത്തിൽ 342 കോടി രൂപ കൂടി വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2408-01-800-94—അന്ത്യോദയ അന്നയോജനപദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഭക്ഷ്യ ധാന്യങ്ങൾ വിതരണത്തിനെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും മറ്റു ചെലവുകളും

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വളരെ പാവപ്പെട്ട കുടുംബങ്ങൾക്ക് കുറഞ്ഞ നിരക്കിൽ അരി ലഭ്യമാക്കുന്ന അന്ത്യോദയ അന്നയോജന പദ്ധതിയുടെ ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള തുക വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് തികയുകയില്ല എന്നതിനാൽ 12.51 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4408-01-101-99—ധാന്യ വിതരണ പദ്ധതി

സംസ്ഥാനത്തെ താലൂക്ക് സപ്ലൈ ഓഫീസുകൾ, സിറ്റി റേഷനിംഗ് ഓഫീസുകൾ എന്നിവയിലെ ഉദ്യോഗസ്ഥരുടെ ശമ്പളം, യാത്രാപ്പടി, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും താലൂക്ക് സപ്ലൈ ഓഫീസുകളിൽ കമ്പ്യൂട്ടറുകൾക്ക് എ.എം.സി. ഏർപ്പെടുത്തിയ വകയിൽ കുടിശ്ശിക നൽകാനുള്ളതിനാൽ അതിനായി 14 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4408-01-101-95—റേഷൻ കാർഡ് പുതുക്കൽ

റേഷൻ കാർഡ് പുതുക്കി നൽകിയതിന് സി-ഡിറ്റിന് കുടിശ്ശിക നൽകാനുണ്ടെന്നും, പുതുക്കിയ കാർഡ് വിതരണം ചെയ്യുന്നവകയിൽ ഏകദേശം 2.5 കോടി രൂപ ഇനിയും നൽകേണ്ടതായി വരുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപയ്ക്കു പുറമേ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2408-01-800-95—അന്നപൂർണ്ണ പദ്ധതി

മറ്റു പെൻഷൻ കിട്ടാത്ത, 65 വയസ്സിനുമേൽ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. മറ്റു പെൻഷൻ ഉണ്ടാകരുത് എന്ന വ്യവസ്ഥ കാരണം അർഹരായ പലർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത സാഹചര്യമാണ്. ആയതിനാൽ മറ്റു പെൻഷൻ ലഭിക്കാത്തവർക്കു മാത്രമാണ് ഈ പദ്ധതിക്ക് അർഹത എന്ന വ്യവസ്ഥ ഒഴിവാക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാൻ സംസ്ഥാന സർക്കാരിനോട് സമിതി ശുപാർശ ചെയ്തു.

2408-01-800-91—കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ്

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള ഭക്ഷ്യഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമാണ് ഭക്ഷ്യഗുണനിലവാര നിരീക്ഷണ ലബോറട്ടറി, ഭക്ഷ്യസംസ്ക്കരണ പരിശീലന കേന്ദ്രം, തദ്ദേശ ഭക്ഷ്യ സാങ്കേതിക കോളേജ്, മെഗാ ഫുഡ് പാർക്ക് എന്നിവ. ഇവയിൽ ഭക്ഷ്യ ഗുണനിലവാര നിരീക്ഷണ ലബോറട്ടറിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ബഡ്ജറ്റ് പ്രസംഗത്തിൽ 290 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു കൂടാതെ കെട്ടിട നിർമ്മാണത്തിനും മറ്റു ചെലവുകൾക്കുമായി ആവശ്യമായി വരുന്ന 117 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സി. എഫ്. ആർ. ഡി.-യുടെ കീഴിലുള്ള മെഗാ ഫുഡ് പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കണക്കാക്കിയിട്ടുള്ള 184 ലക്ഷം രൂപയിൽ 150 ലക്ഷം രൂപ 2012-13 സാമ്പത്തിക വർഷത്തെ പ്രവർത്തനത്തിനായി വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമേ വേണ്ടിവരുന്ന 34 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**പുതിയ പദ്ധതികൾ**

പൊതുവിതരണ സമ്പ്രദായംവഴി വിതരണം ചെയ്യേണ്ട ഭക്ഷ്യസാധനങ്ങൾ പൊതു വിപണിയിലേക്ക് കടത്തിക്കൊണ്ട് പോകുന്നതും ദുരുപയോഗം ചെയ്യുന്നതും തടയുന്നതിനായി ഗ്ലോബൽ പൊസിഷനിംഗ് സംവിധാനം, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം എന്നിവ സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിനുദ്ദേശിച്ചുള്ള പുതിയ പദ്ധതിക്ക് ചെലവാകുമെന്ന് പ്രതീക്ഷിക്കുന്ന 4 കോടി രൂപയിൽ 1 കോടി രൂപ അനുവദിക്കുന്നതായി ബഡ്ജറ്റ് പ്രസംഗത്തിൽ അറിയിച്ചിട്ടുണ്ട്. ബാക്കിത്തുകയായ 3 കോടി രൂപ പ്രത്യേക ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

റേഷൻ സാധനങ്ങളുടെ തിരിമറി തടയുന്നതിനും റേഷൻ യഥാർത്ഥ കാർഡുടമയ്ക്ക് ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനുമായി ബയോമെട്രിക്ക് ഇ-പി.ഡി.എസ്, സ്മാർട്ട് കാർഡ് തുടങ്ങിയവ വഴി സംയോജിത പൊതുവിതരണ സമ്പ്രദായം ആവിഷ്കരിക്കുന്നതിന് വകുപ്പിൽ 'എൻഡ് റ്റു എൻഡ്' കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കേണ്ടതുണ്ട്. രണ്ടു ഘട്ടങ്ങളിലായി സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് 2012-13 സാമ്പത്തികവർഷം ആവശ്യമായി വരുന്ന 93.60 കോടി രൂപ അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഹൈപ്പർ മാർക്കറ്റുകൾ, മൊബൈൽ മാവേലിസ്റ്റോറുകൾ തുടങ്ങിയവയും ഗൾഫ് നാടുകളിലും ഡൽഹിയിലും നവിമുംബെയിലും ഔട്ട്ലെറ്റുകളും വല്ലാർപാടം കണ്ടെയ്നർ ടെർമിനലിൽ ഫ്യൂവലിംഗ് സ്റ്റേഷനും ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നുണ്ട്.

- പുതിയ ഹൈപ്പർ മാർക്കറ്റുകൾ തുടങ്ങുന്നതിന് 700 ലക്ഷം രൂപ ചെലവ് കണക്കാക്കുന്നു.
- പുതിയതായി തുടങ്ങുന്ന മൊബൈൽ മാവേലിസ്റ്റോറുകൾക്ക് 140 ലക്ഷം രൂപ ആവശ്യമായി വരുമെന്ന് പ്രതീക്ഷിക്കുന്നു.
- കൂടുതൽ മാവേലിസ്റ്റോറുകൾ സൂപ്പർമാർക്കറ്റുകളാക്കുകയും സൂപ്പർ മാർക്കറ്റുകൾ പീപ്പിൾസ് ബാസാറുകളാക്കുകയും ചെയ്യുന്നതിനുള്ള പദ്ധതിക്ക് 285 ലക്ഷം രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു.
- കോർപ്പറേഷന്റെ പ്രവർത്തനം ഗൾഫ് നാടുകളിലേക്ക് വ്യാപിപ്പിക്കുന്നതിനും ഡൽഹിയിലെ കേരള ഹൗസിലും നവിമുംബെയിലും ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനും 30 ലക്ഷം രൂപ ചെലവ് കണക്കാക്കുന്നു.
- കൂടുതൽ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനായി 30 കോടി രൂപ വേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നു.

- വല്ലാർപാടം ടെർമിനൽ കണ്ടെയ്നറിൽ ആരംഭിക്കുന്ന ഫ്യൂവലിംഗ് സ്റ്റേഷൻ, എല്ലാ സപ്ലൈകോ വ്യാപാരകേന്ദ്രങ്ങളിലും സ്ഥാപിക്കുന്ന ബ്രോഡ് ബാൻഡ് കണക്ടിവിറ്റി, ഹെഡോഫീസുമായുള്ള ഓൺലൈൻ കണക്ടിവിറ്റി തുടങ്ങിയവയ്ക്കായി 845 ലക്ഷം രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

ഖണ്ഡിക 23-ൽ പറഞ്ഞിട്ടുള്ള പുതിയ പദ്ധതികൾക്കെല്ലാമായി ചെലവ് വരുന്ന 5,000 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സമിതി ഉച്ചയ്ക്കു 12.00 മണിക്ക് യോഗം പിരിഞ്ഞു.

## 8-5-2012-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI 2012 മേയ് 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ IV-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. എക്സ്-ഒഫിഷ്യോ അംഗവും സഹകരണ വകുപ്പു മന്ത്രിയുമായ ശ്രീ. സി. എൻ. ബാലകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ

ശ്രീമതി ഗീതാ ഗോപി, എം.എൽ.എ.

ഡോ. എൻ. ജയരാജ്, എം.എൽ.എ.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം.എൽ.എ.

ശ്രീ. ലൂഡി ലൂയിസ്, എം.എൽ.എ.

ശ്രീ. കെ. കെ. നാരായണൻ, എം.എൽ.എ.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണനയ്ക്കെടുത്തു.

യോഗത്തിൽ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ടെയിനിംഗ് (SIEMAT)-ന്റെ പ്രവർത്തനം നിർത്തിവയ്ക്കാനുള്ള നീക്കത്തെപ്പറ്റിയും സാമ്പത്തിക സഹായം നൽകി പ്രസ്തുത സ്ഥാപനം പ്രവർത്തനക്ഷമമാക്കണ മെന്നതിനെപ്പറ്റിയും അഭിപ്രായം ഉയർന്നപ്പോൾ സ്ഥാപനത്തിന്റെ പ്രവർത്തനം

നിർത്തിവയ്ക്കില്ലെന്നും ആവശ്യമായ സാമ്പത്തികസഹായം അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുന്നതാണെന്നും സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗമായ സഹകരണ വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു. എല്ലാ നിയോജകമണ്ഡലങ്ങളിലും മൊബൈൽ ത്രിവേണി സ്റ്റോറുകൾ ഈവർഷം അവസാനത്തോടെ അനുവദിക്കുന്നതാണെന്നും മന്ത്രി തുടർന്നുപറഞ്ഞു.

റേഷൻകടകളുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ, റേഷൻ വിതരണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ തുടങ്ങിയവ പരിശോധിക്കുന്നതാണെന്ന് സമിതി ചെയർമാനായ ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

ചർച്ചയെത്തുടർന്ന് 2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XXVII-സഹകരണം, XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ, XXX-ഭക്ഷ്യം എന്നിവയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് ഭേദഗതികളൊന്നും കൂടാതെ സമിതി അംഗീകരിച്ചു.

സമിതി യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 14-6-2012-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി—XI, 2012 ജൂൺ മാസം 14-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV-എ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. എക്സ്-ഒഫീഷ്യോ അംഗവും സഹകരണ വകുപ്പു മന്ത്രിയുമായ ശ്രീ. സി. എൻ. ബാലകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ

ഡോ. എൻ. ജയരാജ്, എം.എൽ.എ.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം.എൽ.എ.

ശ്രീ. ലൂഡി ലൂയിസ്, എം.എൽ.എ.

ശ്രീ. കെ. കെ. നാരായണൻ, എം.എൽ.എ.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. പ്രദീപ് കുമാർ, പ്രിൻസിപ്പൽ സെക്രട്ടറി, ഭക്ഷ്യവും സിവിൽ സപ്ലൈസ് വകുപ്പ്
2. ശ്രീ. സി. പി. രാമരാജപ്രേമപ്രസാദ്, സെക്രട്ടറി, നിയമവകുപ്പ്.
3. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.
4. ശ്രീ. ടി. വസന്തകുമാർ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
5. ശ്രീമതി സി. രമണി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
6. ശ്രീമതി കെ. ഉഷാദേവി, അഡീഷണൽ സെക്രട്ടറി, സഹകരണവകുപ്പ്.
7. ശ്രീമതി. ടി. ഡി. ഫ്രീഡാ ജാസ്മിൻ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ്.
8. ശ്രീ. എസ്. സുരേഷ് ചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.
9. ശ്രീ. ജെയിംസ് ജോസഫ് കെ., ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.
10. ശ്രീ. വി. സനൽ കുമാർ, രജിസ്ട്രാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

സമിതി ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ബിൽ 2012, പരിഗണിച്ച് അംഗീകരിച്ചു. ബഹു. അംഗങ്ങൾ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, ശ്രീ. കെ. കെ. നാരായണൻ എന്നിവർ ബില്ലിനുമേൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

തുടർന്ന് സമിതി, കൺസ്യൂമർ പ്രൊട്ടക്ഷൻ (കേരള) അമെന്റ്മെന്റ് റൂൾസ്, 2012 എസ്.ആർ.ഒ നമ്പർ. 37/2012 പരിഗണിച്ച് സാധൂകരിച്ചു.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ച് അംഗീകരിച്ചു:

1. സബ്ജക്ട് കമ്മിറ്റി VII—2009-2010 സാമ്പത്തിക വർഷത്തെ നാലാമത് റിപ്പോർട്ടിലെ 57, 58, 59, 69 എന്നീ ഖണ്ഡികകൾ.
2. സബ്ജക്ട് കമ്മിറ്റി VII—2010-2011-ലെ അഞ്ചാമത് റിപ്പോർട്ടിലെ 49, 50 എന്നീ ഖണ്ഡികകൾ.
3. സബ്ജക്ട് കമ്മിറ്റി XI— 2011-2012-ലെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ. 20.

സമിതി 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് അംഗീകരിച്ചു.

രാവിലെ 10.25-ന് സമിതി യോഗം പിരിഞ്ഞു.

## 23-7-2012-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി—XI, 2012 ജൂലൈ 23-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 3.45-ന് നിയമസഭാ സമുച്ചയത്തിലെ V-B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ

1. ശ്രീമതി ഗീതാ ഗോപി, എം.എൽ.എ.
2. ഡോ. എൻ. ജയരാജ്, എം.എൽ.എ.
3. ശ്രീ. ലൂഡി ലൂയിസ്, എം.എൽ.എ.
4. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച, സബ്ജക്ട് കമ്മിറ്റി—XI-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

വൈകുന്നേരം 4.00 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 10-10-2012-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി—XI (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും) 2012 ഒക്ടോബർ 10-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാസമുച്ചയത്തിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു. സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗവും സഹകരണ വകുപ്പുമന്ത്രിയുമായ ശ്രീ. സി. എൻ. ബാലകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ഡോ. എൻ. ജയരാജ്, എം.എൽ.എ.
2. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ എം.എൽ.എ.

3. ശ്രീ. ലൂഡി ലൂയിസ്, എം.എൽ.എ.

4. ശ്രീ. കെ. കെ. നാരായണൻ, എം.എൽ.എ.

5. ശ്രീ. ആർ. സെൽവരാജ്, എം.എൽ.എ.

6. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. വി. എം. ഗോപാലമേനോൻ, സെക്രട്ടറി, സഹകരണ വകുപ്പ്.
2. ശ്രീ. കെ. എസ്. ശ്രീനിവാസ്, ഡയറക്ടർ, സിവിൽ സപ്ലൈസ് വകുപ്പ്.
3. ശ്രീമതി. ജി. പുഷ്പകുമാരി, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്.
4. ശ്രീ. പി. ബാബുരാജ്, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്.
5. ശ്രീ. വി. സനൽകുമാർ, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.
6. ശ്രീ. കെ. വി. സുരേഷ് ബാബു, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.
7. ശ്രീ. ജേക്കബ് ജോസഫ്, ജനറൽ മാനേജർ, സപ്ലൈകോ.
8. ശ്രീമതി റ്റി. എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി.
9. ശ്രീ. ഡി. വിഭുകുമാർ, മാനേജർ, സി.എഫ്.ആർ.ഡി.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, സമിതിയുടെ പരിധിയിൽ വരുന്ന വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കുറിപ്പ് എന്നിവ സമിതി പരിഗണനയ്ക്കെടുത്തു.

1. സബ്ജക്ട് കമ്മിറ്റി—II-ന്റെ 2008-2009 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട 12, 13 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 11011/സബ്.സി.ജി.1/11/ലെജി.)

2. സബ്ജക്ട് കമ്മിറ്റി—VII-ന്റെ 2009-2010 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട 61, 62, 63 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 11012/സബ്.സി.ജി.1/11/ലെജി.)

3. സബ്ജക്ട് കമ്മിറ്റി—VII-ന്റെ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഭക്ഷ്യ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട 49, 50, 51, 52, 53, 54, 59, 60, 61 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 11013/സബ്.സി.ജി.1/11/ലെജി.)

4. സബ്ജക്ട് കമ്മിറ്റി—XI-ന്റെ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട 18, 19, 22, 23, എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 4875/സബ്.സി.ജി.1/11/ലെജി.)

മേല്പറഞ്ഞ റിപ്പോർട്ടിലുള്ള, കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനു കീഴിൽ പത്തനംതിട്ട ജില്ലയിൽ പ്രവർത്തിക്കുന്ന സി.എഫ്.ആർ.ഡി. ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിക്കുന്ന ഖണ്ഡിക '21'-മായി ബന്ധപ്പെട്ട നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തെക്കുറിച്ച് സാധാരണ ജനങ്ങൾക്ക് അറിയില്ലെന്നും അതിനായി ബോധവൽക്കരണം നടത്തേണ്ടത് ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ, കേരളത്തിന്റെ വടക്കൻ മേഖലയിലും ഇത്തരത്തിലൊരു സ്ഥാപനം ആരംഭിക്കേണ്ടതിന്റെ ആവശ്യകത സമിതി ചൂണ്ടിക്കാട്ടി. സി.എഫ്.ആർ.ഡി. യുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും പൊതുജനങ്ങൾക്കിടയിൽ അതു സംബന്ധിച്ച ബോധവത്കരണം നടത്തുന്നതിനും ആവശ്യമായ തുക കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുകയും സ്റ്റേറ്റ്മെന്റ് അംഗീകരിക്കുകയും ചെയ്തു.

5. സബ്ജക്ട് കമ്മിറ്റി—XI-ന്റെ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട 1, 2, 4, 5, 6, 7, 8, 9, 10, 11 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 4875/സബ്.സി.ജി.1/11/ലെജി.)

മേല്പറഞ്ഞ റിപ്പോർട്ടിലുള്ള, ഖണ്ഡിക നമ്പർ '3' 'ഉത്സവചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണസംഘങ്ങൾക്കുള്ള സഹായധനം' എന്നതുമായി ബന്ധപ്പെട്ട ശുപാർശ പരിഗണിക്കവേ അനുവദിച്ച തുക അപര്യാപ്തമാണെന്നതിനാൽ ആവശ്യപ്പെട്ട 100 കോടി രൂപ അനുവദിക്കാൻ ശുപാർശ നൽകുവാൻ സമിതി തീരുമാനിക്കുകയും സ്റ്റേറ്റ്മെന്റ് അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ പരിധിയിൽവരുന്ന വകുപ്പുകളായ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യം, സഹകരണം എന്നിവയിൽ നിന്നു ലഭിച്ച 2010-11 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് പരിഗണിക്കുന്നതു സംബന്ധിച്ച കുറിപ്പ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1770/സബ്.സി.ജി.1/11/ലെജി.)

ലീഗൽ മെട്രോളജി വകുപ്പ് 2010-11 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് നാളിതുവരെയായിട്ടും ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്മേൽ റിപ്പോർട്ട് ഉടൻതന്നെ ലഭ്യമാക്കുന്നതാണെന്ന് ലീഗൽ മെട്രോളജി കൺട്രോളർ സമിതിക്ക് ഉറപ്പ് നൽകി.

വാർഷിക പ്രവർത്തന റിപ്പോർട്ട് പരിഗണിക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങളായ റബ്കോ, റബ്മാർക്ക് എന്നീ സ്ഥാപനങ്ങളെപ്പറ്റി പഠിക്കുവാനും അവിടെ സന്ദർശിക്കുവാനും സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 4.20-ന് പിരിഞ്ഞു.

## 22-10-2012-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി—XI 2012 ഒക്ടോബർ 22-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കു ശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു. താഴെപ്പറയുന്ന സമിതി അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ

1. ശ്രീമതി ഗീതാ ഗോപി, എം. എൽ. എ.
2. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം. എൽ. എ.
3. ശ്രീ. ആർ. സെൽവരാജ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
2. ശ്രീമതി ജി. പുഷ്പകുമാരി, അഡീഷണൽ സെക്രട്ടറി,ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്.
3. ശ്രീ. പി. ബാബുരാജ്, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്.
4. ശ്രീ. എസ്. സുരേഷ് ചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

1968-ലെ കേരള പബ്ലിക് സർവീസസ് ആക്ട് (1968-ലെ 19)-ന്റെ 2-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം തയ്യാറാക്കിയ 2012-ലെ കേരള ലീഗൽ മെട്രോളജി സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2012-ലെ കേരള ലീഗൽ മെട്രോളജി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നിവയുടെ കരട് സമിതി പരിഗണനയ്ക്കെടുത്തു.

കരട് സ്പെഷ്യൽ റൂൾസ് പരിഗണിക്കുന്നത് സംബന്ധിച്ച് നിയമവകുപ്പിന്റെ അഭിപ്രായം സമിതി ആരാഞ്ഞു. പി.എസ്.സി.-യുമായി കൂടിയാലോചിച്ചതിന് ശേഷമായിരുന്നു കരട് ചട്ടങ്ങൾ സമിതിക്ക് സമർപ്പിക്കേണ്ടിയിരുന്നത് എന്ന് നിയമവകുപ്പ് സമിതിയെ അറിയിച്ചു.

കരട് ചട്ടങ്ങളിലെ, സമിതി ചൂണ്ടിക്കാട്ടിയ താഴെപ്പറയുന്ന അപാകതകൾ പരിഹരിച്ച ശേഷം ആയത് പി.എസ്.സി.-ക്ക് അയയ്ക്കണമെന്നും അവിടെനിന്ന് കൺകറൻസ് ലഭിച്ചശേഷം സമിതിയിൽ സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സബോർഡിനേറ്റ് സർവ്വീസ് സംബന്ധിച്ച സ്പെഷ്യൽ റൂൾസിൽ 'ഇൻസ്പെക്ടർ ഓഫ് ലീഗൽ മെട്രോളജി' തസ്തികയിലേക്ക് പ്രമോഷൻ വഴിയുള്ള നിയമനത്തിന് 'ടെക്നിക്കൽ അസിസ്റ്റന്റ്'', 'യു. ഡി. ക്ലർക്ക്' എന്നീ തസ്തികകളിൽ യോഗ്യത യുള്ളവരില്ലെങ്കിൽ നേരിട്ടുള്ള നിയമനം നടത്താമെന്ന് ചട്ടങ്ങളിൽ ചേർത്തിരിക്കുന്നു. 'ടെക്നിക്കൽ അസിസ്റ്റന്റ്'', 'യു. ഡി. ക്ലർക്ക്' തസ്തികകളിൽ യോഗ്യരായവരില്ലെങ്കിൽ വകുപ്പിൽ നിശ്ചിത യോഗ്യതയും മൂന്നു വർഷത്തെ പ്രവൃത്തിപരിചയമുള്ള എൽ. ഡി. ക്ലർക്കുമാരുണ്ടെങ്കിൽ അവരെ 'ഇൻസ്പെക്ടർ ഓഫ് ലീഗൽ മെട്രോളജി' തസ്തികയിലേക്ക് നിയമിക്കാമെന്നുള്ള വ്യവസ്ഥകൂടി ചേർക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിലവിൽ സർവ്വീസിലുള്ളവർക്ക് സയൻസ് ബിരുദം വേണമെന്നുള്ള വ്യവസ്ഥയ്ക്കു പകരം ഫിസിക്സ് ബിരുദം യോഗ്യതയാക്കിക്കൊണ്ട് ചട്ടം ഭേദഗതി ചെയ്യുന്നതിനാൽ അതുവരെ സർവ്വീസിലുള്ളവർക്ക് പ്രൊട്ടക്ഷൻ നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ 'ഇൻസ്പെക്ടിംഗ് അസിസ്റ്റന്റിന്റെ' നിയമന രീതിയിൽ 'ട്രാൻസ്ഫർ മുഖേന' എന്നത് കൂടാതെ 'നേരിട്ടുള്ള നിയമനം' വഴി എന്നും ആയതിന്റെ നിയമന രീതിയും കൂടി രേഖപ്പെടുത്തേണ്ട താണെന്ന് സമിതി നിർദ്ദേശിച്ചു.

സമിതിയോഗം വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

MINUTES OF THE MEETING ON 11-2-2013

A meeting of Subject Committee XI for Food, Civil Supplies and Co-operation was held on 11-2-2013 at 3.10 p.m. in Conference Hall `V A' of Legislature Complex, Thiruvananthapuram. In the absence of the Chairman of the Committee, Shri C. N. Balakrishnan, Hon'ble Minister for Co-operation, Khadi & Village Industries and Pollution Control and Ex-officio member of the Committee presided. The following members of the Committee were also present:

1. Dr. N. Jayaraj, M.L.A.
2. Shri Koliakode N. Krishnan Nair, M.L.A
3. Shri Ludy Luiz, M.L.A.
4. Shri K. K. Narayanan, M.L.A.
5. Shri G. Sudhakaran, M.L.A.
6. Shri V. M. Ummer Master, M.L.A.

*Legislature Secretariat:*

1. Shri M. Narayanan Potti, Joint Secretary.
2. Smt. J. Mary Gracy, Deputy Secretary.
3. Shri K. G. Thrideep, Under Secretary.

*Officers Present:*

1. Shri V. M. Gopala Menon, Secretary, Co-operation Department.
2. Shri C. K. Padmakaran, Special Secretary, Law Department.
3. Shri M. H. Mohammed Raffi, Additional Secretary, Law Department.
4. Shri Benny, P. G Joint Secretary, Law Department.
5. Shri K. V. Suresh Babu, Additional Registrar, Co-operation Department.

In the meeting, the Committee considered the "Kerala Co-operative Societies (Amendment) Bill, 2013" clause by clause. The following official amendments were considered and the Committee decided to accept them.

*Clause 2*

In Section 2(ab) proposed to be inserted in the principal Act by clause 2(i) after the word ‘business’ the following shall be inserted “preparation of audit report”

*Clause 11*

The Section 16A(1)(b) proposed to be inserted in the principal Act by clause 11 shall be deleted and section 16A (1)(C) shall be renumbered as Section 16A(1)(b);

*Clause 14*

(1) In Section 28(1G) of the Principal Act proposed to be amended by clause 14(vii) the words “be competent to” shall be deleted.

(2) In Section 28(1J) proposed to be inserted in the principal Act by clause 14(viii) after the word `nomination’ the words “by the committee” shall be added.

*Clause 15*

(1) The second proviso to section 28B(2) of the principal Act proposed to be amended by clause 15(iii) shall be deleted.

(2) In the third proviso to section 28B(2) of the principal Act proposed to be amended by clause 15(iii) the word “also” shall be substituted by the word “further”.

*Clause 23*

In Section 63(11) of the principal Act proposed to be amended by clause 23(iii) after the word ‘Society’ the words “which includes the report on administrative matters” shall be inserted.

*Clause 31*

The first proviso to section 80(6) of the principal Act proposed to be amended by clause 31(iv) shall be deleted and in second proviso the word “further” shall be deleted.

The following members of the Committee, Shri Koliakode N. Krishnan Nair, Shri K. K. Narayanan and Shri G. Sudhakaran proposed Minutes of Dissent.

The Committee decided that the amendments proposed by the above members be considered during the discussion of the Report of the Committee on the Bill in the House.

Amendments were proposed in the following clauses:

1. Clause 2(i)–Section 2(aa)
2. Clause 2(ii)–Section 2(da)
3. Clause 2(iv)–Section 2(1a)
4. Clause 3–proviso to Section 4
5. Clause 4(i)–Section 8(2)
6. Clause 5–Section 9
7. Clause 7–Section 12 (5), (6), (7)
8. Clause 9(i)–Section 14(1)
9. Clause 9(iii)–Section 14(8),(9)
10. Clause 10–Section 14A(1)
11. Clause 10–Section 14 A(2)
12. Clause 10–Section 14 A(2)(a)(i)
13. Clause 10–Section 14 A(2)(a)(ii)
14. Clause 10–Section 14 A(3)
15. Clause 10–Section 14 B(1)
16. Clause 10–Section 14 B(2)
17. Clause 11–Section 16 A(1)(a)
18. Clause 11–Section 16 A(1)(c)
19. Clause 11–Section 16 A(2)
20. Clause 11–proviso to Section 16A(2)
21. Clause 12(i)–Section 17 (1)
22. Clause 12(ii)–Section 17 (4)
23. Clause 12(ii)–Section 17(5)
24. Clause 13–Section 19 A
25. Clause 14(v)–First proviso to sub- section(IA) of Section 28
26. Clause 14(v)–Second proviso to sub- section(IA) of Section 28
27. Clause 15(iii)–Section 28 B(2) and its provisos

28. Clause 16(iv) – Section 29 (4)

29. Clause 17(i) – Section 31 (1)

30. Clause 18(ii) – Section 32 (1) 3rd proviso to Clause (d)

31. Clause 23(ii) – Section 63(5), (5A)

32. Clause 23(iii) – Section 63

- (8), (9)

33. Clause 23(iii) – Section 63(12)

34. Clause 24(i) – Section 64 (4A)

35. Clause 24(i) – Section 64(4B)

36. Clause 27 – Section 69(4)

37. Clause 31(i) – Section 80(2)

38. Clause 31(ii) – Section 80 (3)

39. Clause 31(iv) – Section 80 (6)

40. Clause 31(v) – Section 80(10)

41. Clause 32 – Section 88B

42. Clause 33 – Section 89 B.

The meeting dispersed at 5.00 p.m.

**MINUTES OF THE MEETING ON 26-3-2013**

A meeting of the Subject Committee XI for (Food, Civil Supplies and Co-operation) was held on 26th March 2013, Tuesday at 5.40 p.m. in Conference Hall VB, Legislature Complex, Thiruvananathapuram. In the absence of the Chairman of the Committee, Shri C. N. Balakrishnan, Hon. Minister for Co-operation, Khadi & Village Industries and Pollution Control and Ex-officio member of the Committee was presided. The following members of the Committee were also present:

1. Smt Geetha Gopi, M.L.A.
2. Shri Koliakode N. Krishnan Nair, M.L.A.
3. Shri Ludy Luiz. M.L.A.
4. Shri K.K. Narayanan, M.L.A.
5. Shri G. Sudhakaran, M.L.A.

*Legislature Secretariat:*

1. Shri M. Narayanan Potti, Joint Secretary
2. Smt J. Mary Gracy, Deputy Secretary
3. Shri K. G. Thrideep, Under Secretary.

*Officers Present:*

1. Dr. V. M. Gopala Menon, Secretary, Co-operation Department
2. Shri M. H. Mohammed Raffi, Additional Secretary, Law Department
3. Shri Benny P. G, Joint Secretary, Law Department
4. Shri K. V. Suresh Babu, Registrar (in charge), Co-operation Department.

In the meeting the Committee considered 'The Kerala Co-operative Societies (Second Amendment) Bill, 2013' clause by clause and approved it with the following modification:

*Clause 3*

In section 56 A proposed to be inserted in the principal Act by Clause 3 after the words 'sanction of the' the words "General body and the" shall be inserted.

Shri Koliakode N. Krishnan Nair, Shri K. K. Narayanan and Shri. G. Sudhakaran, members of the Committee, proposed Minutes of Dissent.

The meeting dispersed at 6.30 p.m.